أحكام وآداب إسلامية ـ مليالم

# ഇസ്‌ലാം
# വിധികൾ, മര്യാദകൾ




جمعية الدعوة بالزلفي

جمعية الدعوة والإرشاد وتوعية الجاليات بالزلفي

هاتف: ٤٢٣٤٤٦٦ ٠١٦ ـ فاكس: ٤٢٣٤٤٧٧ ٠١٦

16

# ഇസ്‌ലാം; വിധികൾ, മര്യാദകൾ

## أحكام وآداب إسلامية – اللغة المليالم


جمعية الدعوة والإرشاد وتوعية الجاليات في الزلفي

Tel: 966 164234466 - Fax: 966 164234477

# أحكام وآداب إسلامية


أعده وترجمه إلى اللغة المليالم:

جمعية الدعوة والإرشاد وتوعية الجاليات بالزلفي



الطبعة الرابعة: ١٤٤٢/٩ هـ



ح شعبة توعية الجاليات بالزلفي، ١٤١٦هـ



فهرسة مكتبة الملك فهد الوطنية أثناء النشر

الزلفي ، شعبة توعية الجاليات

أحكام وآداب إسلامية

٥٦ ص؛ ١٢ × ١٧ سم

ردمك : x-٠٧-٨١٣-٩٩٦٠

(النص باللغة المليالم )

١-التوحيد ٢- الإيمان ٣- الوعظ والإرشاد

٤. الآداب الإسلامية أ. العنوان

ديوي ٢١٣ ١٦/٠٩٥٨

رقم الإيداع : ١٦/٠٩٥٨

ردمك : x-٠٧- ٨١٣-٩٩٦٠

# أحكام وآداب إسلامية

# ഇസ്ലാം; വിധികൾ, മര്യാദകൾ

## 1- നിഷ്കളങ്കത, നിരീക്ഷണം

*അല്ലാഹു പറയുന്നു:*

﴿ وَمَا أُمِرُوآ إِلاَّ لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ ﴾ (البينة:٥)

***കീഴ്വണക്കം അല്ലാഹുവിന്ന് മാത്രം ആക്കിക്കൊണ്ട് അവനെ ആരാധിക്കാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല.*** *(ബയ്യിനഃ-5).*

﴿ قُلِ اللَّهَ أَعْبُدُ مُخْلِصًا لَهُ دِينِي ﴾ (الزمر:١٤)

***പറയുക, അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്, എന്റെ കീഴ്വണക്കം അവന്ന് നിഷ്കളങ്കമാക്കിക്കൊണ്ട്. (സുമർ-14)***

﴿ قُلْ إِنْ تُخْفُوا مَا فِي صُدُورِكُمْ أَوْ تُبْدُوهُ يَعْلَمْهُ اللَّهُ ﴾ (آل عمران:٢٩)

***നബിയേ, പറയുക, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അത് അറിയുന്നതാണ്. (ആലുഇംറാൻ-29)***

﴿ إِنَّ اللَّهَ لاَ يَخْفَى عَلَيْهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَآءِ ﴾ (آل عمران:٥)

*ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരുകാര്യവും അല്ലാ ഹുവിന്ന് അവ്യക്തമായി പോകുന്നതല്ല. (ആലുഇംറാൻ-5)*

وعن عمر بن الخطاب ﷺ قال سمعت رسول الله ﷺ يقول:

(إنما الأعمال بالنيات وإنما لكل امرئ ما نوى..) متفق عليه

***ഉമറുബ്നുൽ ഖത്താബ് ﷺ പറയുന്നു, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിശ്ചയം പ്രവർത്തനങ്ങൾ അവയുടെ നി യ്യത്ത് അനുസരിച്ചു മാത്രമാകുന്നു. ഓരോരുത്തർക്കും ലഭിക്കുന്നത് അവൻ ഉദ്ദേശിച്ചത് മാത്രമാകുന്നു.***

وعن أبي هريرة ﷺ أن النبي ﷺ قال: (أسعد الناس بشفاعتي يوم

القيامة من قال لآ إلٰه إلا الله خالصا من قلبه) البخاري.

***അബൂഹുറയ്റ ﷺ യിൽ നിന്നുനിവേദനം, നബി ﷺ പറഞ്ഞു: അ ന്ത്യനാളിൽ, ജനങ്ങളിൽ എന്റെ ശുപാർശ ലഭിക്കുന്ന ഏറ്റവും വ ലിയ ഭാഗ്യവാൻ, ഹൃദയംഗമമായി "ലാഇലാഹഇല്ലല്ലാഹ്" പറഞ്ഞവ നായിരിക്കും.***

وعن أبي هريرة ﷺ قال: قال رسول الله ﷺ:(إن الله لآ ينظر إلى صوركم

وأموالكم، ولكن ينظر إلى قلوبكم وأعمالكم) رواه مسلم

***അബൂഹുറയ്റ ﷺ യിൽ നിന്നുനിവേദനം, നബി ﷺ പറഞ്ഞു: തീ ർച്ചയായും അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ, സമ്പത്തിലേ ക്കോ അല്ല നോക്കുക. അവൻ നിങ്ങളുടെ മനസ്സുകളിലേക്കും പ്ര വർത്തനങ്ങളിലേക്കുമാണ് നോക്കുക.***

وعن أبي ذرّ ﷺ ، عن رسول الله ﷺ قال: (اتق الله حيثما كنت وأتبع السيئة الحسنة تمحها وخالق الناس بخلق حسن) الترمذي

*അബൂദർ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നീ എവിടെ ആയിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക. നീ വല്ല തെറ്റും ചെയ് താൽ അതിനെ തുടർന്ന് നന്മചെയ്യുക. (ആ നന്മ) തിന്മയെ മായിച്ചു കളയും. ജനങ്ങളോട് നീ നല്ല സ്വഭാവത്തോടെ പെരുമാറുക. (തിർ മിദി)*

*സംഗ്രഹം:*

*1-മനുഷ്യൻെറ പ്രവർത്തനങ്ങൾ സ്വീകാര്യമാകാനുള്ള നിബന്ധന യാണ് ഇഖ്ലാസ് (നിഷ്കളങ്കത). അല്ലാഹുവിൻെറ പക്കൽ നിന്നു ള്ള പ്രതിഫല വർദ്ധന ഇതിനെ ആസ്പദിച്ചിരിക്കുന്നു.*

*2-അല്ലാഹുവിന്ന് പങ്കുകാരുടെ ആവശ്യമില്ല. അവൻെറ പ്രീതി മാ ത്രം മോഹിച്ചു കൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങളല്ലാതെ അവൻ സ്വീകരിക്കുകയില്ല. ഖുദ്സിയായ ഹദീസിൽ അല്ലാഹു പറയുന്നു: ആരെങ്കിലും എന്നിൽ പങ്കുചേർത്തു കൊണ്ടുള്ള ഒരു പ്രവൃത്തി ചെ യ്താൽ, അവനെയും അവൻ പങ്കുചേർത്തതിയെും ഞാൻ ഒഴി വാക്കും.*

*3-ആകാശഭൂമികളിലുള്ള യാതൊന്നും അല്ലാഹുവിന്ന് അവ്യക്തമാ യി പോകുന്നതല്ല. അതു കൊണ്ട് സദാസമയവും അല്ലാഹുവി നെ സൂക്ഷിക്കുക.*

## 2- തൗഹീദ്; മഹത്വം, ശിർക്; ജാഗ്രത

*അല്ലാഹു പറയുന്നു:*

﴿ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ ﴾ (لقمان:١٣)

***തീർച്ചയായും അല്ലാഹുവിൽ പങ്കുചേർക്കുന്നത് വലിയ അ ക്രമം തന്നെയാകുന്നു. (31-13)***

﴿ إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاءُ ﴾

(النساء:٤٨)

***തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറു ക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവനുദ്ദേശിക്കുന്നവർ ക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. (4-48)***

﴿ وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لإِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴾ (الزمر:٦٥)

***തീർച്ചയായും നിനക്കും നിനക്കു മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ; അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമ്മങ്ങൾ നിഷ് ഫലമായി പോകുകയും, തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. (സുമർ-65)***

﴿ وَمَا خَلَقْتُ الْجِنَّ والإِنْسَ إِلاَّ لِيَعْبُدُونَ ﴾ (الذاريات:٥٦)

*ജിന്നിനെയും മനുഷ്യനെയും എന്നെ ആരാധിക്കുവാൻ വേ ണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. (51-56)*

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾

(النحل:٣٦)

*തീർച്ചയായും ഓരോസമുദായത്തിലും നാം ദൂതനെ നിയോ ഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർ ത്തികളെ വെടിയുകയും ചെയ്യുക എന്നു പ്രബോധനം ചെ യ്യുന്നതിനു വേണ്ടി. (അന്നഹ്ൽ-36)*

وعن جابر رضي الله عنه قال: قال رسول الله ﷺ ( من لقي اللهَ لآ يشرك به شيئا دخل الجنة ومن لقي الله يشرك به شيئا دخل النار) مسلم

*ജാബിർ رضي الله عنه ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിൽ യാ തൊന്നിനെയും പങ്കുചേർക്കാതെ, ആർ അവനെ കണ്ടുമുട്ടുന്നു വോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. പങ്കുചേർത്തുകൊണ്ട് അവ നെ ആർ കണ്ടുമുട്ടുന്നുവോ, അവൻ നരകത്തിൽ പ്രവേശിച്ചു.*

وعن أبي هريرة رضي الله عنه عن النبي ﷺ قال: ( اجتنبوا السبع الموبقات. قالوا يا رسول الله وما هن؟ قال: الشرك بالله...) الحديث، متفق عليه

*അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നാശകര ങ്ങളായ ഏഴു മഹാപാപങ്ങൾ നിങ്ങൾ വെടിയുവിൻ. സ്വഹാബിക ൾ ചോദിച്ചു, പ്രവാചകരേ,*

*ഏതാണവ? നബി ﷺ പറഞ്ഞു: അല്ലാ ഹുവിൽ പങ്കുചേർക്കൽ.... [ഹദീഥ്]*

وعن معاذ بن جبل رضي الله عنه قال: كنت رديف النبي ﷺ على حمار فقال: يا معاذ، أتدري ما حق الله على العباد وما حق العباد على الله؟ قلت: الله ورسوله أعلم. قال: حق الله على العباد أن يعبدوه ولا يشركو به شيئا، وحق العباد على الله أن لآ يعذّب من لآ يشرك به شيئا...) مسلم

***മുആദുബ്നു ജബൽ رضي الله عنه ൽനിന്നു നിവേദനം, ഞാൻ നബി ﷺ യുടെ കൂടെ ഒരു കഴുതപ്പുറത്ത് യാത്രചെയ്യുകയായിരുന്നു. അപ്പോൾ ന ബി ﷺ ചോദിച്ചു, മുആദ്; അല്ലാഹുവിൻെറ സൃഷ്ടികൾക്ക് അല്ലാ ഹുവിനോടുള്ള അവകാശവും, അല്ലാഹുവിന്ന് സൃഷ്ടികളോടുള്ള അവകാശവും, എന്താണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: അ ല്ലാഹുവിനും അവൻെറ റസൂലിനും അറിയാം. നബി ﷺ പറഞ്ഞു: അ ല്ലാഹുവിനെ മാത്രം ആരാധിക്കലും, അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കലുമാണ് സൃഷ്ടികൾക്ക് അല്ലാഹുവിനോടുള്ള അവകാശം. അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവ നെ ശിക്ഷിക്കാതിരിക്കൽ അല്ലാഹുവിന്ന് സൃഷ്ടികളോടുള്ള അവ കാശവും.***

*സംഗ്രഹം:*

***1-ശിർക് (ബഹുദൈവ വിശ്വാസം) അപകടകരമാണ്. അതിനു തു ല്യമായി മറ്റൊരു പാപവുമില്ല. പശ്ചാത്താപം കൊണ്ടല്ലാതെ അ ല്ലാഹു അത്***

*പൊറുത്തു തരികയില്ല. അല്ലാഹു ഉദ്ദേശിച്ചവർക്ക് പൊറുത്തു കൊടുക്കുന്ന, മറ്റു പാപങ്ങളെപ്പോലെയല്ല അത്.*

*2-ശിർക് ചെയ്തു കൊണ്ട് ആരെങ്കിലും മരിച്ചാൽ അവൻെറ എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമായിത്തീരും. അത് (ശിർക്) അവൻ ന രകത്തിൽ നിത്യവാസിയാകാനുള്ള കാരണവുമായിത്തീരും.*

*3-തൗഹീദ് (ഏകദൈവ വിശ്വാസം) വളരെ ശ്രേഷ്ഠമായ കാര്യ മാണ്. ജിന്നുകളുടെയും മനുഷ്യരുടെയും സൃഷ്ടിപ്പിൻെറ തന്നെ ലക്ഷ്യം അതാകുന്നു. സ്വർഗ്ഗ പ്രവേശനത്തിനും നരകത്തിൽ നിന്ന് രക്ഷപ്പെടുവാനുമുള്ള മുഖ്യകാരണവും അതാണ്.*

## *3-* ലോകമാന്യം

*അല്ലാഹു പറയുന്നു:*

﴿فَوَيْلٌ لِلْمُصَلِّينَ الَّذِينَ هُمْ عَنْ صَلاَتِهِمْ سَاهُونَ، الَّذِينَ هُمْ يُرَاؤُنَ وَيَمْنَعُونَ الْمَاعُونَ﴾ (الماعون:٤-٧)

*എന്നാൽ തങ്ങളുടെ നമസ്കാരത്തെ പറ്റി ശ്രദ്ധയില്ലാത്തവരും, ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും, പരോ പകാര വസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാ ർക്കാകുന്നു നാശം. (അൽ മാഊൻ-4-7)*

وعن أبي سعيد بن فضالة ﷺ قال سمعت رسول الله ﷺ يقول: ( إذا جمع الله الأولين والآخرين ليوم القيامة ليوم لا ريب فيه نادى منادٍ: من كان أشرك في عمله لله أحدا فليطلب ثوابه من عنده، فإن الله أغنى الشركاء عن الشرك) الترمذي

***അബൂസഈദുബ്നു ഫുദാല ﷺ യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: സംശയിക്കേണ്ടതില്ലാത്ത ആ (അന്ത്യ) ദിനത്തിൽ അല്ലാഹു ആദ്യന്തമുള്ള (എല്ലാ) മനുഷ്യരെയും ഒ രുമിച്ചു കൂട്ടിയാൽ ഒരാൾ വിളിച്ചുപറയും: തന്റെ പ്രവർത്തനങ്ങളി ൽ അല്ലാഹു അല്ലാത്തവരെ പങ്കുചേർത്തവർ തങ്ങളുടെ പ്രതിഫലം അവരിൽ (പങ്കുകാരിൽ) നിന്നും വാങ്ങിക്കൊള്ളട്ടെ. എല്ലാ പങ്കുകാ രിൽ നിന്നും അവർ ചേർക്കുന്ന പങ്കിൽനിന്നും അല്ലാഹു ധന്യ നാണ്.***

وعن أبي سعيد الخدري ﷺ قال: خرج علينا رسول الله ﷺ ونحن نتذاكر المسيح الدجال فقال:(ألا أخبركم بما هو أخوف عليكم عندي من المسيح الدجال؟ فقلنا بلى يا رسول الله، فقال: الشرك الخفي، أن يقوم الرجل يصلي فيزيّن صلاته لما يرى من نظر الرجل إليه) ابن ماجه

***അബൂസഈദിൽഖുദ്രി ﷺ യിൽനിന്നു നിവേദനം, ഒരിക്കൽ ഞങ്ങ ൾ മസീഹുദ്ദജ്ജാലിനെ കുറിച്ച് സംസാരിച്ചു കൊണ്ടിരിക്കെ നബി ﷺ ഞങ്ങളുടെ അടുക്കൽ വന്നു പറഞ്ഞു: നിങ്ങളുടെ മേൽ മസീഹുദ്ദ ജ്ജാലിനെക്കാൾ കൂടുതലായി ഞാൻ ഭയപ്പെടുന്ന ഒരു കാര്യത്തെ കുറിച്ചു***

*പറഞ്ഞു തരട്ടെയോ? ഞങ്ങൾ പറഞ്ഞു, അതെ റസൂലേ. അപ്പോൾ നബി ﷺ പറഞ്ഞു: ഗോപ്യമായ ശിർകാണത്. മറ്റുള്ളവർ ത ന്നെ കാണുമ്പോൾ മാത്രം തന്റെ നമസ്കാരം മോടി കൂട്ടുന്ന ഒരാ ൾ (ചെയ്യുന്നത് ഗോപ്യമായശിർക് ആകുന്നു).*

*സംഗ്രഹം:*

*1-ലോകമാന്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കുള്ള അതിശക്ത മായ താക്കീതാണിത്.*
*2-മനുഷ്യൻ താനറിയാതെ ചിലപ്പോൾ ഇതിൽ (ലോകമാന്യത്തിൽ) വീണുപോകും.*
*3-ജനങ്ങൾ കാണാൻ വേണ്ടി കാര്യങ്ങൾ ചെയ്യുന്നവന്റെ പ്രവ ർത്തനങ്ങൾ അസ്വീകാര്യമാകുന്നു.*

## 4-പ്രാർത്ഥന

*അല്ലാഹു പറയുന്നു:*

﴿ وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ﴾ (غافر:٦٠)

*നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു; നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ,, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. (മുഅ്മി ൻ-60).*

﴿ وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ... ﴾ (البقرة:١٨٦)

*നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ, ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു*

*പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. (അൽബ ഖറ-186)*

﴿ ٱدْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لاَ يُحِبُّ الْمُعْتَدِينَ ﴾ (الأعراف:٥٥)

*താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നി ങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധിവിട്ടു പോകു ന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. (7-55)*

وعن النعمان بن بشير ﷺ عن النبي ﷺ قال:(الدعاء هو العبادة) الترمذي

*നുഅ്മാനുബ്നു ബഷീർ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: പ്രാർത്ഥന അതു തന്നെയാകുന്നു ആരാധന.*

وعن أبي هريرة ﷺ أن رسول الله ﷺ قال: (أقرب ما يكون العبد من ربه وهو ساجد فأكثروا الدعاء) مسلم

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മനുഷ്യൻ തന്റെ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ അടുക്കുന്ന ത് സുജൂദിലാണ്. അതുകൊണ്ട് സുജൂദിൽ നിങ്ങൾ പ്രാർത്ഥന അ ധികരിപ്പിക്കുക*

وعن عائشة رضي الله عنها قالت: (كان رسول الله ﷺ يستحب الجوامع من الدعاء ويدع ما سوى ذلك) أبوداود.

*ആയിശഃ (റ) പറഞ്ഞു: പ്രാർത്ഥനയിൽ ആശയ സമ്പുഷ്ടമായ ഹൃസ്വ വചനമായിരുന്നു നബിﷺക്ക് ഏറ്റവും ഇഷ്ടം. അതല്ലാത്തവ നബി ﷺ ഉപേക്ഷിക്കുമായിരുന്നു.*

وعن عبادة بن الصامت ﷺ أن رسول الله ﷺ قال: ( ما من عبد مسلم يدعو بدعاء إلاّ آتاه الله ما سأل، أو ادّخر الله له في الآخرة خيرا منه، أو كف عنه من السوء مثله ما لم يدع بإثم أو قطيعة رحم)

***ഉബാദത്തുബ്നു സ്വാമിത് ﷺ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: കു റ്റകരമായ കാര്യത്തിനോ, കുടുംബ ബന്ധം മുറിക്കുന്ന കാര്യത്തി നോ, പ്രാർത്ഥിക്കാത്തിടത്തോളം കാലം, ഒരു മുസ്ലിം വല്ല പ്രാർത്ഥ നയും ചെയ്താൽ, അവൻ പ്രാർത്ഥിച്ചത് അല്ലാഹു അവന്ന് നൽ കും. അല്ലെങ്കിൽ അതിനെക്കാൾ നല്ലതാക്കി അല്ലാഹു അവന്ന് (ആപ്രാർത്ഥനയെ) അന്ത്യനാളിലേക്ക് സൂക്ഷിക്കും. അല്ലെങ്കിൽ അതി നു സമമായ ഒരുദോഷത്തെ അല്ലാഹു അവനിൽ നിന്നു തടയും.***

وعنه ﷺأن رسول الله ﷺ كان يقول: ( دعوة المسلم لأخيه بظهر الغيب مستجابة، عند رأسه ملك موكّل كلما دعا لأخيه بخير قال الملك الموكل به: آمين، ولك بمثل) مسلم

***ഉബാദതുബ്നു സ്വാമിത് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മുസ്ലിം തൻെറ സഹോദരനു വേണ്ടി, അവൻെറ അസാന്നിദ്ധ്യ ത്തിൽ നടത്തുന്ന പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടും. അവൻെറ തലക്കരികിൽ ചുമതലയേറ്റ ഒരു മലക്കുണ്ടാകും. അവൻ തൻെറ സഹോദരൻെറ നന്മക്കുവേണ്ടി പ്രാർത്ഥിക്കുമ്പോളെല്ലാം, ആമീൻ എ ന്നും, നിനക്കും അതുപോലെ ഉണ്ടാകട്ടെ എന്നും ആ മലക്ക് പറഞ്ഞു കൊണ്ടിരിക്കും.***

*സംഗ്രഹം:*

*1-പ്രാർത്ഥന ആരാധനയാകുന്നു. അത് അല്ലാഹു അല്ലാത്തവരോട് ചെയ്യാൻപാടില്ല. ആരെങ്കിലും അല്ലാഹു അല്ലാത്തവരോട് പ്രാർ ത്ഥിച്ചാൽ അവൻ ബഹുദൈവാരാധകൻ ആയിത്തീരും. പ്രാർത്ഥന ക്ക് വളരെവലിയ സ്ഥാനവും പ്രാധാന്യവുമുണ്ട്. അതു കൊണ്ടാ ണ് നബി ﷺ അതിനെ ആരാധനയായി എണ്ണിയത്. അതായത് പ്രാ ർത്ഥന ആരാധനയുടെ പ്രധാന ഭാഗമാകുന്നു.*

*2-പ്രാർത്ഥിക്കുമ്പോൾ ശബ്ദം താഴ്ത്തുന്നതും, ആശയസമ്പുഷ്ടമാ യ പ്രാർത്ഥനാ വചനങ്ങൾ ഉപയോഗിക്കുന്നതും നല്ലതാകുന്നു.*

*3-മനുഷ്യൻ തനിക്കോ, തന്റെ സമ്പത്തിനോ എതിരിൽ പ്രാർത്ഥി ക്കരുതെന്ന മുന്നറിയിപ്പ്.*

*4-മുസ്ലിംകൾക്കു വേണ്ടി അവരുടെ അസാന്നിദ്ധ്യത്തിലും പ്രാർ ത്ഥിക്കാം.*

*5-പ്രാർത്ഥിച്ചവൻ ചോദിച്ച കാര്യം തന്നെ ഉത്തരമായി കിട്ടിക്കൊള്ള ണമെന്നില്ല. ചിലപ്പോൾ ആ പ്രാർത്ഥന നിമിത്തം അവന്റെ ഒരു തി ന്മ തടയപ്പെടും. അല്ലെങ്കിൽ പ്രാർത്ഥനയുടെ ഫലം ഏറ്റവും കൂടുത ൽ ആവശ്യമായിവരുന്ന അന്ത്യനാളിൽ അതിന്റെ ഫലം അവന്ന് നൽകപ്പെടും.*

*6-നിഷിദ്ധ ഭക്ഷണവും വസ്ത്രവും പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്ന തിന്ന് തടസ്സമാണ്.*

## 5- വിജ്ഞാനം

***അല്ലാഹു പറയുന്നു:***

﴿ قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لاَ يَعْلَمُونَ ﴾ (الزمر:٩)

***പറയുക, അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? (സുമർ-9)***

﴿ يَرْفَعُ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ﴾

(المجادلة:١١)

***നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ട വരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. (മുജാദി ല:-11)***

﴿ وَقُلْ رَبِّ زِدْنِي عِلْمًا ﴾ (طه:١١٤)

***'എൻെറ രക്ഷിതാവേ, എനിക്ക് നീ ജ്ഞാനം വർദ്ധിപ്പിച്ചു ത രേണമേ' എന്നു നീ പറയുകയും ചെയ്യുക. (ത്വാഹാ-114)***

﴿ إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ ﴾ (فاطر:٢٨)

***അല്ലാഹുവെ ഭയപ്പെടുന്നത് അവൻെറ ദാസന്മാരിൽ നിന്നും അറിവുള്ളവർ മാത്രമാകു ന്നു. (ഫാത്വിർ-28)***

وعن معاوية ﵁ قال قال رسول الله ﷺ :

( من يرد الله به خيرا يفقهه في الدين ) متفق عليه.

*മുആവിയഃ ﵁ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആർക്കെ ങ്കിലും നന്മ (നൽകാൻ) അല്ലാഹു ഉദ്ദേശിച്ചാൽ, അവനെ (അല്ലാ ഹു) മതത്തിൽ അഗാധ ജ്ഞാനമുള്ളവനാക്കും.*

عن أنس ﵁أن النبيﷺ قال: (من علّم علما فله أجر من عمل به لا ينقص من أجر العامل شيء) ابن ماجه

*അനസുബ്നു മാലിക് ﵁ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആ രെങ്കിലും ഒരു അറിവ് പഠിപ്പിച്ചു കൊടുത്താൽ, (ആ അറിവു കൊ ണ്ട്) പ്രവൃത്തി ചെയ്തവൻെറ പ്രതിഫലം പഠിപ്പിച്ചവനും ലഭിക്കും. അവൻെറ പ്രതിഫലത്തിൽ ഒന്നും കുറവുവരാതെ തന്നെ.*

عن أبي هريرة ﵁أن النبيﷺ قال:(إذا مات ابن آدم انقطع عمله إلا من ثلاث، صدقة جارية، أو علم ينتفع به، أو ولد صالح يدعو له) مسلم

*അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: മനുഷ്യൻ മരിച്ചാൽ മൂന്നു കാര്യങ്ങളിൽ നിന്നല്ലാതെ, എല്ലാ പ്രവർത്തന (ഫല )ങ്ങളും നിലച്ചുപോകും. സ്ഥിരമായി നിൽക്കുന്ന ദാനം, ഉപകരിക്കു ന്ന അറിവ്, തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന നല്ലവനായ സന്താനം.*

وعن سهل بن سعد ﵁ أن رسول الله ﷺ قال: (والله لأن يهدي الله بك رجلا واحدا خير لك من حمر النعم) البخاري

*സഹ്ലുബ്നു സഅ്ദ് ﵁ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അ ല്ലാഹു, സത്യം, നിമുഖേന അല്ലാഹു ഒരാളെ നേർമാർഗ്ഗത്തിലാക്കു ന്നത് നിനക്ക് ഒരുചുവന്ന ഒട്ടകം ലഭിക്കുന്നതിനെക്കാൾ ഉത്തമമാ കുന്നു.*

وعن عبد الله بن عمرو بن العاص ﵁ أن رسول الله ﷺ قال:

(بلّغوا عني ولو آية) البخاري

*അബ്ദുല്ലാഹിബ്നു അംരിബ്നിൽആസ്വി ﵁ ൽനിന്നു നിവേദനം, ന ബി ﷺ പറഞ്ഞു: എന്നിൽ നിന്നും ഒരു ആയത്തെങ്കിലും നിങ്ങൾ (മറ്റുള്ളവർക്ക്) എത്തിച്ചു (പഠിപ്പിച്ചു) കൊടുക്കുക.*

*സംഗ്രഹം:*

*1-ഈ ഖുർആൻ വചനങ്ങളും നബിവചനങ്ങളും വിജ്ഞാനം, പണ് ഡിതർ എന്നിവരുടെ ശ്രേഷ്ഠത വ്യക്തമാക്കുന്നു. മതവിജ്ഞാനം നേടൽ അല്ലാഹു മനുഷ്യന്ന് നന്മ നൽകാൻ ഉദ്ദേശിക്കുന്നതി ന്റെ തെളിവാണ്. വിജ്ഞാനം അന്വേഷിക്കലും കരസ്ഥമാക്ക ലും സ്വർഗ്ഗ പ്രവേശനത്തിനു കാരണമാകും.*

*2-ജനങ്ങളെ പഠിപ്പിക്കലും നന്മയുടെ മാർഗ്ഗം കാണിച്ചു കൊടുക്ക ലും വിജ്ഞാനം (വളരെ കുറച്ചാണെങ്കിലും) അവർക്കെത്തിച്ചു കൊടുക്കലും വളരെ മഹത്തായ കർമ്മമാകുന്നു. അത് മരണാന ന്തരം മനുഷ്യന് ഏറ്റവും ഉപകാരമുള്ളതുമായിരിക്കും.*

*3-വിദ്യകരസ്ഥമാക്കൽ സുന്നത്ത് (ഐച്ഛികം) ആയ ആരാധനാ കർമ്മങ്ങളെക്കാൾ ശ്രേഷ്ഠമാ കുന്നു.*

*4-സന്താനങ്ങൾക്ക് നല്ലവിജ്ഞാനവും, പരിപാലനവും നൽകാനു ള്ള പ്രോത്സാഹനം.*

## *6-* നന്മ കൽപിക്കുക, തിന്മ വിരോധിക്കുക

*അല്ലാഹു പറയുന്നു:*

﴿كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ﴾ (آل عمران:١١)

***മനുഷ്യ വംശത്തിനു വേണ്ടി രംഗത്തു കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുക യും ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വ സിക്കുകയും ചെയ്യുന്നു. (ആലുഇംറാൻ-110)***

﴿وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ﴾ (آل عمران:١٠٤)

***നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്നു വിലക്കുകയും ചെയ്യുന്ന ഒരുസമുദാ യം നിങ്ങളിൽ നിന്നും ഉണ്ടായിരിക്കട്ടെ, അവരത്രെ വിജയി കൾ. (ആലുഇംറാൻ-104).***

عن أبي سعيد الخدري ﵁قال، سمعت رسول الله ﷺ يقول: (من رأى منكم منكرا فليغيّره بيده، فإن لم يستطع فبلسانه، فإن لم يستطع فبقلبه، وذلك أضعف الإيمان) مسلم

***അബൂസഈദിൽ ഖുദ്രി ﵁ യിൽനിന്നു നിവേദനം, നബി ﷺ പറയുന്ന തായി ഞാൻ കേട്ടിരിക്കു ന്നു: ആരെങ്കിലും***

*ഒരുതെറ്റു ചെയ്യുന്ന തായി നിങ്ങളാരെങ്കിലും കണ്ടാൽ, അതിനെ അവൻെറ കൈ കൊ ണ്ട് തടയണം. അതിന്നു സാധ്യമല്ലെങ്കിൽ അവൻെറ നാവുകൊണ്ട് തടയണം. അതിന്നും സാദ്ധ്യമല്ലെങ്കിൽ മനസ്സുകൊണ്ട് (വെറുക്കണം). വിശ്വാസത്തിൻെറ ഏറ്റവും താഴ്ന്ന പടിയാണത്.*

وعن حذيفة ﷺعن النبيﷺ قال:(والذي نفسي بيده لتأمرنّ بالمعروف ولتنهون عن المنكر أو ليوشكن الله أن يبعث عليكم عقابا منه ثم تدعونه فلا يستجاب لكم) الترمذي

*ഹുദയ്ഫ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: എൻെറ ആത് മാവ് ആരുടെ കയ്യിലാണോ, അവൻ (അല്ലാഹു) തന്നെയാണ, സത്യം നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരം വിരോധിക്കുക യും തന്നെവേണം. അല്ലാത്തപക്ഷം അല്ലാഹു നിങ്ങളുടെ മേൽ ശി ക്ഷ അയക്കും. പിന്നീട് നി ങ്ങൾ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കില്ല.*

وعن أبي بكر الصديقﷺ قال سمعت رسول الله ﷺ يقول: (إن الناس إذا رأوا الظالم فلم يأخذوا على يديه أوشك الله أن يعمهم بعقاب منه)
أبوداود والترمذي والنسائي

*അബൂബകർ സിദ്ദീഖ് ﷺ പറഞ്ഞു: റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: ഒരാൾ അക്ര മം പ്രവർത്തിക്കുന്നത് ജനങ്ങൾ ക ണ്ടിട്ട് അവനെയാരും തടയുന്നില്ല. അല്ലാഹുവിൻെറ ശിക്ഷ അവരെ വ്യാപകമായി പിടികൂടാൻ അതുമതി. (അബൂദാവൂദ്, തിർമിദി, നസാ ഈ)*

*സംഗ്രഹം:*

*1-സദാചാരം കൽപിക്കലും ദുരാചാരം വിരോധിക്കലും വിജയത്തി നുള്ള കാരണങ്ങളാണ്.*

*2-ദുരാചാരം കാണാനിടയായാൽ തൻെറ കഴിവനുസരിച്ച് അതു തടയേണ്ടതാകുന്നു.*

*3-പിതാവ് തൻെറ വീട്ടിലും, ഭരണാധികാരിയോ, അദ്ദേഹത്തിൻെറ പ്രതിനിധിയോ ഭരണീയരിലും ഉള്ള ദുരാചാരത്തെ കൈ (അധി കാരം) ഉപയോഗിച്ചു തടയേണ്ടതാണ്.*

*4-തെറ്റുകാരനെ വെറുക്കലും അവനുമായി അകന്നു നിൽക്കലുമാ ണ് ഹൃദയം കൊണ്ടുള്ള തടയൽ.*

*5-നന്മകൽപിക്കുക തിന്മവിരോധിക്കുക എന്നിവ ചെയ്യാതിരിക്കൽ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതിരിക്കാനും അല്ലാഹുവിൻെറ ശി ക്ഷക്കും കാരണമാകും.*

## *7-* നന്മ കൽപിക്കാനും തിന്മ വിരോധിക്കാനുമുള്ള മര്യാദകൾ

*അല്ലാഹു പറയുന്നു:*

﴿ أُدْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ ﴾ (النحل:١٢٥)

*യുക്തിദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും നി ൻെറ രക്ഷിതാവിൻെറ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചു കൊ ള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തു കയും ചെയ്യുക. (അന്നഹ്ൽ-125)*

﴿ فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ ﴾ (آل عمران:١٥٩)

***(നബിയേ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചു റ്റിൽ നിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു. (ആലു ഇംറാൻ-159)***

وعن عائشة قالت قال رسول الله ﷺ :

(إن الله رفيق يحب الرفق في الأمر كله) متفق عليه

***ആയിശഃ (റ) യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹു സൗമ്യനാകുന്നു. എല്ലാ കാര്യത്തിലും സൗമ്യത അവൻ ഇഷ്ടപ്പെ ടുന്നു.***

وعن عائشة رضي الله عنها، أن النبي ﷺ قال: (إن الرفق لا يكون في شيء إلا زانه ولا ينزع من شيء إلا شانه) مسلم

***ആഇശഃ (റ) യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: വിനയം ഏ തൊരു വസ്തുവിനെയും ഭംഗിയുള്ളതാക്കും. വിനയമില്ലാത്ത ഏ തൊരു കാര്യവും അഭംഗിയുള്ളതായിത്തീരും. (മുസ്ലിം)***

وعن جرير بن عبد الله ﷺ قال سمعت رسول الله ﷺ يقول:

(من يحرم الرفق يحرم الخير كله) مسلم

*ജരീറുബ്നു അബ്ദില്ല ﵁ യിൽനിന്നു നിവേദനം, നബി ﷺ പറയുന്ന തായി ഞാൻ കേട്ടിട്ടുണ്ട്: വിനയം നിഷിദ്ധമാക്കപ്പെട്ട (ഇല്ലാത്ത) വ ന്ന് എല്ലാനന്മയും തടയപ്പെടും (മുസ്‌ലിം).*

*സംഗ്രഹം:*

*1-നന്മകൽപിക്കുക, തിന്മവിരോധിക്കുക, പ്രബോധന പ്രവർത്തന ങ്ങൾ നടത്തുക, എന്നീ കാര്യങ്ങളിൽ യുക്തിപരവും വിനയപൂർ ണ്ണവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള പ്രേരണ.*

## *8-* മാതാപിതാക്കൾ

*അല്ലാഹു പറയുന്നു:*

﴿ وَوَصَّيْنَا الإِنْسَانَ بِوَالِدَيْهِ حُسْنًا ﴾ (العنكبوت:٨)

***മനുഷ്യനോട് അവൻെറ മാതാപിതാക്കളുടെ കാര്യത്തിൽ ന ന്മ ചെയ്യുവാൻ നാം അനുശാസിച്ചിരിക്കുന്നു. (അൻകബൂത്-8)***

﴿وَقَضَى رَبُّكَ أَن لاَ تَعْبُدُواْ إِلاَّ إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا إِمَّا يَبْلُغَنَّ عِنْدَكَ الْكِبَرَ أَحَدُهُمَا أَوْ كِلاَهُمَا فَلاَ تَقُلْ لَهُمَ أُفٍّ وَلاَ تَنْهَرْهُمَا وَقُلْ لَهُمَا قَوْلاً كَرِيمًا ﴾ (الإسراء:٢٣)

***തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാ ക്കൾക്ക് നന്മചെയ്യണമെന്നും, നിൻെറ രക്ഷിതാവ് വിധിച്ചിരി ക്കുന്നു. അവരിൽ***

*(മാതാപിതാക്കളിൽ) ഒരാളോ, അവരിൽ ര ണ്ടുപേരും തന്നെയോ, നിൻെറയടുക്കൽ വാർദ്ധക്യം പ്രാപി ക്കുകയാണെങ്കിൽ അവരോട് നീ "ഛെ" എന്നു പറയുക യോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക്പറയുക. (ഇസ്റാഅ്-23)*

﴿وَوَصَّيْنَا الإِنْسَانَ بِوَالِدَيْهِ حَمَلَتْهُ أُمُّهُ وَهْنًا عَلَى وَهْنٍ وَفِصَالُهُ فِي عَامَيْنِ أَن اشْكُرْ لِي وَلِوَالِدَيْكَ...﴾ (لقمان:١٤)

*മനുഷ്യന് അവൻെറ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു. ക്ഷീണത്തിനു മേൽ ക്ഷീ ണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവൻെറ മുലകുടി നിർത്തുന്ന കാലമാകട്ടെ രണ്ടു വർഷം കൊണ്ടുമാണ്. എന്നോടും നിൻെറ മാതാപിതാക്കളോടും ന ന്ദികാണിക്കുക (എന്നാണ് നാം അനുശാസിച്ചത്). (ലുഖ്മാൻ-14)*

وعن عبد الله بن مسعودﷺ قال: سألت النبيﷺ: أيّ العمل أحب إلى الله؟ قال: (الصلاة على وقتها) قلت: ثم أيّ؟ قال: (بر الوالدين) قلت: ثم أيّ؟ قال: (الجهاد في سبيل الله) متفق عليه

*അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ൽനിന്നു നിവേദനം, ഏതു പ്രവൃ ത്തിയാണ് ഏറ്റവും ഉത്തമമെന്ന് ഞാൻ നബി ﷺയോട് ചോദിച്ചു. അ ദ്ദേഹം പറഞ്ഞു: നമസ്കാരം കൃത്യസമയത്ത് നിർവ്വഹിക്കൽ. പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: മാതാപിതാക്ക ൾക്ക്*

*ഗുണം ചെയ്യൽ പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. അദ്ദേ ഹം പറഞ്ഞു: അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള ജിഹാദ്.*

وعن أبي هريرةﷺ قال: جاء رجل إلى رسول الله ﷺ فقال: يا رسول الله، من أحق الناس بحسن صحابتي؟ قال: (أمك) ثم من؟ قال:(أمك) قال ثم من؟ قال(أمك) قال ثم من؟ قال: (أبوك) متفق عليه

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബിﷺയുടെ അടുക്കൽ ഒരാൾ വന്നു ചോദിച്ചു; നബിയേ, എൻെറ നല്ലസഹവാസത്തിന് ജ നങ്ങളിൽ ഏറ്റവും കടപ്പെട്ടവൻ ആരാകുന്നു?*

*നബി: നിൻെറ മാതാവ്.*
*ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ മാതാവ്.*
*ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ മാതാവ്.*
*ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ പിതാവ്.*

*സംഗ്രഹം:*

*1-ഇസ്‌ലാം മാതാപിതാക്കളെ ആദരിക്കുന്നു. അവരെ അനുസരിക്കാ നും അവർക്ക് നന്മ ചെയ്യാനും കൽപിക്കുന്നു.*
*2-നമസ്കാരം കൃത്യസമയത്ത് നിർവ്വഹിക്കുന്നത് കഴിഞ്ഞാൽ, അ ല്ലാഹുവിന്ന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി മാതാപിതാക്കൾക്ക് നന്മ ചെയ്യലാണ്.*
*3-അവരോട് നന്ദികേട് കാണിക്കൽ, ചീത്തവാക്കു പറയൽ, ചീത്ത പെരുമാറ്റം എന്നിവക്കെതിരെ യുള്ള താക്കീത്.*
*4-നന്മയുടെയും അനുസരണത്തിൻെറയും കാര്യത്തിൽ പിതാവി നെക്കാൾ സ്ഥാനം മാതാവിനാകുന്നു.*

## 9- സ്വൽസ്വഭാവം

*അല്ലാഹു പറയുന്നു:*

﴿ وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ ﴾ (القلم:٤)

***തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു. (ഖലം-4)***

﴿ فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لاَنْفَضُّوا مِنْ حَوْلِكَ ﴾ (آل عمران:١٥٩)

***(നബിയേ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റി ൽനിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു. (ആലു ഇംറാൻ-159)***

وعن أبي الدرداء ﵁ أن النبي ﷺ قال:(ما من شيء أثقل في ميزان العبد يوم القيامة من حسن الخلق، وإن الله يبغض الفاحش البذيّ) الترمذي

***അബുദ്ദർദാഅ് ﵁ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: അന്ത്യദി നത്തിൽ സത്യവിശ്വാസിയുടെ ത്രാസിൽ സൽസ്വഭാവത്തെക്കാൾ ഭാ രമുള്ള ഒരു വസ്തുവും ഉണ്ടായിരിക്കില്ല. ചീത്ത വാക്കുകൾ പറയു ന്നവനോട് അല്ലാഹു കോപിക്കും.***

وعن أبي هريرةﷺ قال: سئل رسول الله ﷺ عن أكثر ما يدخل الناس الجنة فقال: (تقوى الله وحسن الخلق) الترمذي

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, ജനങ്ങളുടെ സ്വർഗ്ഗ പ്ര വേശനത്തിന്ന് കൂടുതൽ കാരണമാകുന്ന കാര്യമേതാണെന്ന് നബി ﷺ യോട് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ പറഞ്ഞു: ഭയഭക്തി (ത ഖ്വ) യും സൽസ്വഭാവവും.***

وعن أبي هريرةﷺ قال: قال رسول الله ﷺ :(أكمل المؤمنين إيمانا أحسنهم خلقا، وخياركم خياركم لنسائهم) الترمذي

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യ വിശ്വാസികളിൽ വിശ്വാസം പൂർണ്ണമായവൻ സൽസ്വഭാവമുള്ളവനാ കുന്നു. നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് നല്ല നിലക്ക് വർത്തിക്കുന്നവനാകുന്നു.***

وعن عائشة رضي الله عنها قالت: سمعت رسول الله ﷺ يقول:(إن المؤمن ليدرك بحسن خلقه درجة الصائم والقائم) أبوداود

***ആയിശഃ (റ) യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ഒരു സത്യവിശ്വാസി തൻെറ സൽസ്വഭാവങ്ങൾ കൊണ്ട്, പകൽ നോമ്പെടുക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നവൻെറ പദവിയിലെത്തും.***

*സംഗ്രഹം:*

*1-നബി(സ) ഏറ്റവും നല്ല സ്വഭാവക്കാരനായിരുന്നു.*
*2-സൽസ്വഭാവം വളരെ ശ്രേഷ്ഠമായതും, മനുഷ്യൻെറ പദവി ഉയ ർത്തുന്നതും മനുഷ്യനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതുമാണ്. അന്ത്യദിനത്തിൽ മനുഷ്യൻെറ പ്രവർത്തനങ്ങൾ തൂക്കിക്കണക്കാ ക്കുന്നതാണ്. മുസ്‌ലിമിൻെറ ത്രാസിൽ ഏറ്റവും കനം തൂങ്ങുന്നത് സൽസ്വഭാവവും ഭയഭക് തിയുമായിരിക്കും.*
*3-നല്ലവാക്കുകൾ പറയാനും സൽപ്രവർത്തനങ്ങൾ ചെയ്യാനും ഇതു പ്രേരിപ്പിക്കുന്നു. ചീത്തവാക്കും പ്രവൃത്തിയും കുറിച്ചുള്ള താക്കീത്.*
*4-ഭാര്യാ ഭർത്താക്കൾക്കിടയിൽ നല്ലപെരുമാറ്റത്തിൻെറ പ്രാധാന്യം.*
*5-അനുസരണം കൊണ്ട് വിശ്വാസം വർദ്ധിക്കുകയും അനുസരണ ക്കേട് ഈമാൻ കുറക്കുകയും ചെയ്യും.*

## *10-* വിനയവും സൗമ്യതയും

*അല്ലാഹു പറയുന്നു:*

﴿فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ﴾ (آل عمران:١٥٩)

*(നബിയേ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിൻെറ ചുറ്റി ൽനിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു. (ആലു ഇംറാൻ-159).*

وعن عائشة رضي الله عنها قالت: قال رسول الله ﷺ : (إن الله رفيق يحب الرفق في الأمر كله) متفق عليه

*ആയിശഃ (റ) യിൽ നിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അല്ലാഹു വിനയമുള്ളവനാകുന്നു. അവൻ എല്ലാ കാര്യത്തിലും വിനയം ഇ ഷ്ടപ്പെടുന്നു.*

وعن ابن عباس ﵄ ما قال: قال رسول الله ﷺ لأشجّ عبد القيس: (إن فيك خصلتين يحبهما الله: الحلم والأناة) مسلم

*അബ്ദുല്ലാഹിബ്നു അബ്ബാസ് ﵄ ൽനിന്നു നിവേദനം: റസൂൽﷺ അശജ് അബ്ദുൽ ഖൈസിനോട് പറഞ്ഞു: അല്ലാഹു ഇഷ്ടപ്പെടു ന്ന രണ്ടു കാര്യങ്ങൾ നിന്നിലുണ്ട്. വിവേകവും സൗമ്യതയും.*

وعن عائشة ﵂ أن النبي ﷺ قال: (إن الرفق لا يكون في شيء إلا زانه ولا ينزع من شيء إلا شانه) مسلم

*ആയിശഃ (റ) യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: വിനയം ഏ തൊരു വസ്തുവിനേയും ഭംഗിയുള്ളതാക്കും. വിനയമില്ലാത്ത ഏ തൊരു കാര്യവും അഭംഗിയുള്ളതായിത്തീരും.*

وعن جرير بن عبد الله ﵁ قال سمعت رسول الله ﷺ يقول: (من يحرم الرفق يحرم الخير كله)

*ജരീറുബ്നു അബ്ദില്ലാഹി ﵁ യിൽനിന്നു നിവേദനം, റസൂൽﷺ പറ യുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആർ*

*വിനയം നിഷേധിക്കപ്പെടു ന്നു (ഇല്ലാത്തവനാകുന്നു) വോ, അവന് എല്ലാ നന്മകളും നിഷേധി ക്കപ്പെടും.*

*<u>സംഗ്രഹം:</u>*

*1-വിനയം അല്ലാഹുവിന് വളരെ ഇഷ്ടമാണ്. വിനയം നന്മകൾ നേടിത്തരും.*
*2-സൃഷ്ടികളോട് വിനയത്തിലും സൗമ്യതയിലും പെരുമാറൽ സ്വർ ഗ്ഗാവകാശികളുടെ വിശേഷണങ്ങളിൽ പെട്ടതാകുന്നു.*
*3-സഹനത്തിൻെറ ശ്രേഷ്ഠത, കോപത്തെ കുറിച്ചുള്ള താക്കീത്.*

## *11*-കാരുണ്യം

*അല്ലാഹു നബി ﷺ യെകുറിച്ച് പറയുന്നു:*

﴿ بِالْمُؤْمِنِينَ رَؤُوفٌ رَحِيمٌ ﴾ (التوبة:١٢٨)

***സത്യവിശ്വാസികളോട് ദയാലുവും, കാരുണ്യവാനുമാണ് അദ്ദേഹം. (തൗബ-128)***

*സത്യവിശ്വാസികളെ കുറിച്ച് അല്ലാഹു പറയുന്നു:*

﴿ رُحَمَاءُ بَيْنَهُمْ ﴾ (الفتح:٢٩)

***അവർ അന്യോന്യം ദയാലുക്കളുമാകുന്നു. (ഫത്ഹ്-29).***

وعن جرير بن عبد الله رضي الله عنه قال سمعت رسول الله ﷺ :

(لا يرحم الله من لا يرحم الناس) متفق عليه

*ജരീറുബ്നുഅബ്ദില്ല ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: മനുഷ്യരോട് കരുണ കാണിക്കാത്തവരോട് അല്ലാഹു കരുണ കാ ണിക്കുകയില്ല.*

عن أبي هريرة﵁ قال سمعت أبا القاسم الصادق المصدوق ﷺ يقول:

(لا تنزع الرحمة إلا من شقي) أحمد و الترمذي

*അബൂഹുറയ്റ ﵁ യിൽ നിന്നു നിവേദനം, അബുൽഖാസിം (മുഹെ മ്മദ് നബി) ﷺപറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിർഭാഗ്യവാ നിൽ നിന്നല്ലാതെ കരുണ നീക്കപ്പെടുകയില്ല.*

*സംഗ്രഹം:*

*1-കരുണ സത്യവിശ്വാസികളുടെ വിശേഷണങ്ങളിൽ പെട്ടതാണ്.*

*2-ജനങ്ങളോട് കരുണ കാണിക്കൽ അല്ലാഹുവിൻെറ കരുണക്ക് കാരണമാകും.*

*3-മനസ്സിൽനിന്നും കരുണ നഷ്ടപ്പെടൽ നിർഭാഗ്യത്തിൻെറ ലക്ഷണ മാകുന്നു.*

## *12-* അക്രമം; നിഷിദ്ധം

*അല്ലാഹു പറയുന്നു:*

﴿ مَا لِلظَّالِمِينَ مِنْ حَمِيمٍ وَلَآشَفِيعٍ يُطَاعُ ﴾ (غافر:١٨)

*അക്രമകാരികൾക്ക് ഉറ്റബന്ധുവായോ, സ്വീകാര്യനായ ശു പാർശകനായോ, ആരും തന്നെയില്ല. (ഗാഫിർ-18)*

عن أبي ذرﷺ عن النبي ﷺ فيما يروي عن الله تبارك وتعالى أنه قال: (يا عبادي إني حرمت الظلم على نفسي وجعلته بينكم محرما فلا تظالموا..) الحديث رواه مسلم

*അബൂദർ ﷺ ൽനിന്നു നിവേദനം, അല്ലാഹു പറഞ്ഞതായി മുഹമ്മദ് ﷺ ഉദ്ധരിക്കുന്നു: എന്റെ ദാസന്മാരേ, ഞാനെന്റെമേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാനത് നിഷിദ്ധമാ ക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പരസ്പരം അക്രമിക്കരുത്.... (ഹദീഥ്)*

وعن جابرﷺ أن رسول الله ﷺ قال: (اتقوا الظلم فإن الظلم ظلمات يوم القيامة...) الحديث. أخرجه مسلم

*ജാബിർ ﷺ ൽനിന്നും നിവേദനം, റസൂൽ ﷺ പറഞ്ഞു: അക്രമത്തെ നിങ്ങൾ സൂക്ഷിക്കുക. കാരണം അക്രമം അന്ത്യദിനത്തിലെ അന്ധ കാരങ്ങളാകുന്നു.*

عن معاذ بن جبلﷺ في حديث بعثه إلى اليمن أن رسول الله ﷺ قال: (واتق دعوة المظلوم فإنه ليس بينها وبين الله حجاب) متفق عليه

*മുആദുബ്നു ജബൽ ﷺ ൽനിന്നു നിവേദനം, അദ്ദേഹത്തെ യമനി ലേക്കു നിയോഗിച്ചപ്പോൾ നബിﷺ അദ്ദേഹത്തോട് പറഞ്ഞു: മർദ്ദിത ന്റെ പ്രാർത്ഥനയെ നീസൂക്ഷിക്കുക. ആ പ്രാർത്ഥനക്കും അല്ലാ ഹുവിനുമിടയിൽ യാതൊരു മറയും ഉണ്ടായിരിക്കില്ല.*

وعن أبي هريرة ﷺ عن النبي ﷺ قال: ( من كانت عنده مظلمة لأخيه من عرضه أو من شيء فليتحلله من قبل ألا يكون دينار ولا درهم، إن كان له عمل صالح أخذ منه بقدر مظلمته، وإن لم يكن له حسنات أخذ من سيئات صاحبه فحمل عليه) البخاري

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആരു ടെയെങ്കിലും കയ്യിൽ തൻെറ സഹോദരൻെറ അഭിമാനമോ, മറ്റു വല്ലതുമോ കവർന്നെടുത്തതായി ഉണ്ടെങ്കിൽ, ദീനാറിന്നും ദിർഹമി ന്നും വിലയില്ലാതാകുന്ന (അന്ത്യ) ദിനത്തിനു മുമ്പ് അവൻ എട വാടുകൾ തീർത്തു കൊള്ളട്ടെ. (അവൻ മടക്കിക്കൊടുത്തില്ലെങ്കിൽ അന്ന്) അവൻെറ സൽകർമ്മങ്ങളെടുത്ത് തൻെറ കവർച്ച സ്വത്തി ൻെറ തോതനുസരുച്ച്, മർദ്ദിതന് കൊടുക്കപ്പെടും. അവന്ന് യാ തൊരു സൽകർമ്മവും (കൊടുക്കാൻ) ഇല്ലെങ്കിൽ മർദ്ദിതൻെറ പാപങ്ങൾ ഇവൻെറ മേൽ ചുമത്തപ്പെടും.***

***സംഗ്രഹം:***

***1-അക്രമം നിഷിദ്ധമാകുന്നു. അതിൽ നിന്നും പിന്തിരിയുക.***
***2-ഇഹത്തിലും പരത്തിലും അക്രമത്തിന് കിട്ടുന്ന ശിക്ഷ.***
***3-മർദ്ദകനെതിരിൽ മർദ്ദിതൻ ചെയ്യുന്ന പ്രാർത്ഥനക്ക് ഉത്തരം നൽ കപ്പെടും, തീർച്ച.***

## *13-* മുസ്‌ലിമിന്റെ ജീവൻ ആദരിക്കൽ

*അല്ലാഹു പറയുന്നു:*

﴿ وَمَن يَقْتُلْ مُؤْمِنًا مُتَعَمِّدًا فَجَزَاؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللَّهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا﴾ (النساء:٩٣)

***ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെ ടുത്തുന്ന പക്ഷം അവനുള്ള പ്രതിഫലം നരകമാകുന്നു. അവ നതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അല്ലാഹു അവനു വേണ്ടി ഒരുക്കിവ ച്ചിരിക്കുന്നത്. (അന്നിസാഅ്-93)***

عن عبد الله بن مسعودﷺ قال، قال رسول الله ﷺ : ( أول ما يُقْضَى بين الناس يوم القيامة في الدماء) متفق عليه

***അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറ ഞ്ഞു: അന്ത്യനാളിൽ മനുഷ്യർക്കിടയിൽ ആദ്യമായി വിധി നടപ്പാക്ക പ്പെടുക മനുഷ്യന്റെ ചിന്തപ്പെടുന്ന രക്തത്തിന്റെ കാര്യത്തിലായി രിക്കും.***

عن عبد الله بن عمروﷺ أن رسول الله ﷺ قال: ( لزوال الدنيا أهون عند الله من قتل رجل مسلم) النسائي والترمذي

***അബ്ദുല്ലാഹിബ്നു അംറ് ﷺ ൽനിന്നുനിവേദനം, റസൂൽ ﷺ പറഞ്ഞു:***

*ഈലോകം ഒന്നടങ്കം നീങ്ങിപ്പോകുന്നത് അല്ലാഹുവിൻെറ അടു ക്കൽ ഒരു മുസ്ലിമായ മനുഷ്യനെ കൊല്ലുന്നതിനെക്കാൾ നിസ്സാര മാണ്.*

*സംഗ്രഹം:*

*1-മുസ്ലിമിനെ വധിക്കൽ മഹാപാപമാകുന്നു. അല്ലാഹുവിൻെറ അടു ക്കൽ മുസ്ലിമിൻെറ സ്ഥാനം മഹത്തായതാകുന്നു.*

*2-രക്തം ചിന്തൽ മഹാപാപമായതു കൊണ്ടാണ്, അന്ത്യനാളിൽ ആ ദ്യം വിധിപറയപ്പെടുന്നത് അത് (രക്തം) ആയിത്തീർന്നത്.*

*3-കൊലയാളിക്ക് ഇഹലോകത്തുള്ള ശിക്ഷ കൊലയും, പരലോക ത്തിൽ ശാശ്വത നരകവുമാകുന്നു.*

## *14-* മുസ്‌ലിമിന്റെ കടമ

*അല്ലാഹു പറയുന്നു:*

﴿ إِنَّمَا الْمُؤْمِنُونَ إِخْوَةٌ ﴾ (الحجرات:١٠)

*സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാ കുന്നു. (ഹുജറാത്-10)*

عن أبي موسى الأشعريﷺ قال، قال رسول الله :(المؤمن للمؤمن كالبنيان

يشد بعضه بعضا) البخاري

*അബൂമൂസൽ അശ്അരി ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറ ഞ്ഞു: സത്യവിശ്വാസികൾ തമ്മിൽ ഒരുകെട്ടിടം പോലെയാകുന്നു. അതിൻെറ ഒരുഭാഗം മറുഭാഗത്തിന് ശക്തി പകർന്നു കൊണ്ട് ബ ന്ധപ്പെട്ടു നിൽക്കുന്നു.*

وعن أبي هريرةﷺ قال، قال رسول الله ﷺ: (المسلم أخو المسلم لا يخونه ولا يكذبه ولا يخذله، كل المسلم على المسلم حرام، عرضه وماله ودمه، التقوى ها هنا، بحسب امرء من الشر أن يحقر أخاه المسلم) الترمذي

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: മുസ്ലിം മുസ്ലിമിന്റെ സഹോദരനാകുന്നു. അവനെ വഞ്ചിക്കു കയോ, കളവാക്കുകയോ, കയ്യൊഴിക്കുകയോ ഇല്ല. ഒരു മുസ്ലിമി ന്റെ മുഴുവനും മറ്റൊരു മുസ്ലിമിന്ന് നിഷിദ്ധമാണ്. അവന്റെ ധ നവും രക്തവും അഭിമാനവും. ഭയഭക്തി ഇവിടെ (മനസ്സിൽ) ആ കുന്നു. പാപമായിട്ട് തന്റെ മുസ്ലിം സഹോദരനെ നിന്ദിക്കൽ ത ന്നെമതി ഒരാൾക്ക്.***

وعن أنسﷺ عن النبيﷺ قال: (لا يؤمن أحدكم حتى يحب لأخيه ما يحب لنفسه) البخاري

***അനസ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തനിക്കിഷ്ടപ്പെ ടുന്നത് തന്റെ സഹോദരന്നും ഇഷ്ടപ്പെടുന്നതു വരെ നിങ്ങളാ രും സത്യവിശ്വാസിയാകുകയില്ല.***

وعن أبي هريرة ﷺ قال، قال رسول الله ﷺ : (من نفّس عن مسلم كربة من كرب الدنيا نفس الله عنه كربة من كرب يوم القيامة، ومن يسر عن معسر في الدنيا يسر الله عليه في الدنيا والآخرة، ومن ستر مسلما في الدنيا ستره الله في الدنيا والآخرة، والله في عون العبد ما كان العبد في عون أخيه) الترمذي

*അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്‌ലിമിൻെറ വിഷമം ആരെങ്കിലും നീക്കിയാൽ, അന്ത്യനാളിൽ അ വൻെറ വിഷമം അല്ലാഹു നീക്കിക്കൊടുക്കും. ബുദ്ധിമുട്ടുന്ന ഒരാളെ ആരെങ്കിലും സഹായിച്ചാൽ, ഇഹത്തിലും പരത്തിലും അല്ലാഹു അവ നെ സഹായിക്കും. ഒരു മുസ്‌ലിമിൻെറ (ന്യൂനത) ആരെങ്കിലും മറച്ചു വച്ചാൽ, ഇഹത്തിലും പരത്തിലും അല്ലാഹു അവനെ മറച്ചുവക്കും. ഒരുദാസൻ തൻെറ സഹോദരനെ സഹായിക്കുമ്പോളെല്ലാം അല്ലാ ഹു ആ ദാസനെ സഹായിച്ചു കൊണ്ടിരിക്കും.*

*സംഗ്രഹം:*

*1-സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ സഹോദരനാകുന്നു. അതിൽ രാജ, പ്രജ, വലിപ്പ, ചെറുപ്പ വ്യത്യാസമില്ല.*
*2-മുസ്‌ലിംകൾ പരസ്പരം സഹായിക്കണം. സഹായം ആവശ്യമുള്ള വരെയെല്ലാം സഹായിക്കണം. നിഷിദ്ധ കാര്യങ്ങളിൽ അരുത്.*
*3-ആവശ്യക്കാരനെ സഹായിക്കുന്നതിൻെറ ശ്രേഷ്ഠത, അതിനുള്ള പ്രതിഫലത്തിൻെറ മഹത്വം.*

## *15*-അയൽവാസി; ബാദ്ധ്യതകൾ

*അല്ലാഹു പറയുന്നു:*

﴿ وَاعْبُدُوا اللَّهَ وَلاَتُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَالْجَارِ ذِي الْقُرْبَى وَالْجَارِ الْجُنْبِ وَالصَّاحِبِ بِالْجَنْبِ وَابْنِ السَّبِيلِ ﴾ (النساء:٣٦)

*നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊ ന്നിനെയും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബ ബന്ധമുള്ള അയ ൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോ ടും വഴിപോക്കനോടും നല്ല നിലയിൽ വർത്തിക്കുക. (അന്നി സാഅ്-36)*

عن أبي هريرةﷺ أن النبيﷺ قال:( والله لا يؤمن، والله لا يؤمن، والله لا يؤمن!) قيل: ومن يا رسول الله؟ قال(الذي لا يأمن جاره بوائقه) البخاري

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അ ല്ലാഹുവാണ, വിശ്വാസിയാകുകയില്ല, അല്ലാഹുവാണ, വിശ്വാസിയാ കുകയില്ല, അല്ലാഹുവാണ, വിശ്വാസിയാകുകയില്ല. ആരാണെന്ന് ന ബി ﷺ ചോദിക്കപ്പെട്ടു. നബി ﷺ പറഞ്ഞു: തന്റെ ഉപദ്രവങ്ങളിൽ നി ന്നും അയൽവാസി സുരക്ഷിതനല്ലാത്തവൻ.*

وعن ابي هريرةﷺ أن النبي ﷺ قال:(من كان يؤمن بالله واليوم الآخر فلا يؤذ جاره، ومن كان يؤمن بالله واليوم الآخر فليكرم ضيفه، ومن كان يؤمن بالله واليوم الآخر فليقل خيرا أو ليصمت) البخاري

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആ രെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെ ങ്കിൽ, അവൻ തന്റെ*

*അയൽവാസിയെ ദ്രോഹിക്കാതിരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തൻെറ അ തിഥിയെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസി ക്കുന്നവൻ നല്ലതുമാത്രം പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരുന്നു കൊള്ളട്ടെ.*

*സംഗ്രഹം:*

*1-അയൽവാസിക്ക് നന്മ ചെയ്യാനും, അവനെ ഉപദ്രവിക്കാതിരിക്കാ നുമുള്ള പ്രോത്സാഹനം.*

*2-അയൽവാസി അമുസ്‌ലിമാണെങ്കിലും അവന്ന് നന്മചെയ്യലും, അ വനെ ഉപദ്രവിക്കാതിരിക്കലും മനുഷ്യൻെറ വിശ്വാസത്തിൻെറ പൂർണ്ണതയിൽ പെട്ടതാകുന്നു.*

## *16*-നാവിന്റെ വിപത്തുകൾ

*അല്ലാഹു പറയുന്നു:*

﴿ مَا يَلْفَظُ مِنْ قَوْلٍ إِلاَّ لَدَيْهِ رَقِيبٌ عَتِيدٌ ﴾ (ق:١٨)

*അവൻ ഏതൊരുവാക്ക് ഉച്ചരിക്കുമ്പോഴും അവൻെറയടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകർ ഉണ്ടാവാതിരിക്കുകയില്ല. (ഖാഫ്-18)*

﴿ وَلاَ تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْؤُلاً ﴾ (الإسراء:٣٦)

*നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിൻെറയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി,*

*കാഴ്ച, ഹൃദയം എ ന്നിവയെ പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്. (17:36)*

وعن أبي موسى الأشعري رضي الله عنه قال:( سئل رسول الله ﷺ أي المسلمين أفضل؟ قال ﷺ: من سلم المسلمون من لسانه ويده) الترمذي

***അബൂമൂസൽ അശ്അരി رضي الله عنه യിൽനിന്നു നിവേദനം, മുസ്‌ലിംകളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണെന്ന് ഞാൻ നബി ﷺ യോട് ചോദിച്ചു. നബി ﷺ പറഞ്ഞു: മുസ്‌ലിംകൾ ആരുടെ കയ്യിൽ നിന്നും, നാവിൽ നി ന്നും (അവ രണ്ടിൻെറയും ഉപദ്രവത്തിൽ നിന്ന്) രക്ഷപ്പെട്ടിട്ടുണ്ടോ, അവനാണ്.***

عن سهل بن سعد رضي الله عنه أن رسول الله ﷺ قال:( من يضمن لي ما بين لحيتيه وما بين رجليه أضمن له الجنة) البخاري

***സഹ്‌ലുബ്നു സഅ്ദ് رضي الله عنه ൽനിന്നുനിവേദനം, റസൂൽ ﷺ പറഞ്ഞു: ഏ തൊരാൾ രണ്ടു താടിയെല്ലു കൾക്കിടയിലും (നാവ്), രണ്ടു കാലു കൾക്കിടയിലുമുള്ള അവയവങ്ങൾ സംരക്ഷിക്കാമെന്ന് എനിക്ക് ഉറ പ്പു തരുന്നുവോ, അവന്ന് സ്വർഗ്ഗമുണ്ടെന്ന് ഞാൻ ജാമ്യം നിൽ ക്കുന്നു.***

وعن أبي هريرة رضي الله عنه أنه سمع رسول الله ﷺ يقول: ( إن العبد ليتكلم بالكلمة ما يتبين فيها يزلّ بها في النار أبعد مما بين المشرق والمغرب) البخاري

***അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നന്മ തിന്മകളെ കുറിച്ച് ചിന്തി ക്കാതെ***

*സംസാരിക്കുന്നവന്‍, അവന്‍റെ വാക്കുകള്‍ കൊണ്ട് കിഴക്കിന്‍റെയും, പടിഞ്ഞാറിന്‍റെയും ദൂരത്തെ ക്കാള്‍ വിദൂരമായ അവസ്ഥയില്‍ നരകത്തില്‍ വീഴും.*

*സംഗ്രഹം:*

*1-നാവുകൊണ്ടുള്ള അപകടങ്ങളെ കരുതിയിരിക്കുക. അശ്രദ്ധമായി പറയുന്ന കാര്യങ്ങള്‍ ഒരാളെ നരകത്തില്‍വീഴ്ത്തും. നല്ല കാര്യങ്ങ ള്‍ക്കല്ലാതെ നാവിനെ ഉപയോഗിക്കല്‍, നരക പ്രവേശനത്തിനു കാരണമായിത്തീരും. അതിനെ സൂക്ഷിക്കുന്നത് സ്വര്‍ഗ്ഗ പ്രവേശ ത്തിനും കാരണമാകും. അശ്രദ്ധവും, അനാവശ്യവുമായി മനുഷ്യ ന്‍ അവന്‍റെ നാവ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.*

*2-മനുഷ്യന്‍റെ വാക്കുകളും, പ്രവര്‍ത്തനങ്ങളും വിചാരണക്കു വി ധേയമാക്കപ്പെടും. മനുഷ്യന്ന് ഏറ്റവും അപകടകാരികളായ അവ യവങ്ങളാണ് നാവും ലൈംഗിക അവയവങ്ങളും.*

## *17*-പരദൂഷണം

*അല്ലാഹു പറയുന്നു:*

﴿وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ﴾ (الحجرات:١٢)

*നിങ്ങളില്‍ ചിലര്‍ചിലരെപ്പറ്റി അവരുടെ അഭാവത്തില്‍ ദുഷിച്ചു പറയുകയും അരുത്. തന്‍റെ സഹോദരന്‍ മരിച്ചു കിടക്കു മ്പോള്‍ അവന്‍റെ മാംസം ഭക്ഷിക്കുവാന്‍ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ?*

*എന്നാൽ അത് (ശവംതിന്നൽ) നിങ്ങൾ വെറു ക്കുകയാണ് ചെയ്യുന്നത്. (ഹുജറാത്-12)*

عن أبي هريرة ﷺ أن رسول الله ﷺ قال: ( أتدرون ما الغيبة؟ قالوا الله ورسوله أعلم، قال: ذكرك أخاك بما يكره، قيل أرأيت إن كان في أخي ما أقول؟ قال ﷺ: إن كان فيه ما تقول فقد اغتبته وإن لم يكن فيه ما تقول فقد بهته) مسلم

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: പര ദൂഷണം എന്താണെന്ന് നിങ്ങൾ ക്കറിയാമോ? സ്വഹേബികൾ പറ ഞ്ഞു: അല്ലാഹുവിനും അവൻെറ റസൂലിനും അറിയാം നബി ﷺ പറ ഞ്ഞു: നിൻെറസഹോദരന്ന് വെറുപ്പുള്ളകാര്യങ്ങൾ നീപറയലാണ്. അ പ്പോൾ നബി ﷺ ചോദിക്കപ്പെട്ടു. എൻെറ സഹോദരനിൽ ഉള്ള ഒരു കാര്യമാണ് ഞാൻ പറയുന്നതെങ്കിലോ? നബി ﷺ പറഞ്ഞു: അവനിൽ ഉള്ള കാര്യമാണ് നീ പറയുന്നതെങ്കിൽ നീ പരദൂഷണം പറഞ്ഞു. ഇ ല്ലാത്ത കാര്യമാണ് നീ പറ ഞ്ഞതെങ്കിൽ നീ കളവു പറഞ്ഞു.*

وعن عائشة ﷺ قالت: قلت للنبي ﷺ : حسبك من صفية كذا وكذا (تعني أنها قصيرة)، فقال: لقد قلت كلمة لو مزجت بماء البحر لمزجته)

أبوداود

*ആയിശഃ (റ) പറയുന്നു, നബിയേ, താങ്കൾക്ക് (കുറിയ പെണ്ണായ) സ്വഫിയ്യഃയെ കുറിച്ചുള്ള ഈ വർത്തമാനം*

***നിറുത്തിക്കൂടേ? (ഇത് ആ ഇശഃ (റ) ആംഗ്യത്തിലൂടെയാണ് കാണിച്ചത്.) അപ്പോൾ നബി ﷺ പറ ഞ്ഞു: നീ പറഞ്ഞ വചനം സമുദ്രത്തിൽ ഇട്ടിരുന്നെങ്കിൽ ആ സമുദ്രം പോലും മലിനമാകുമാ യിരുന്നു.***

وعن أبي هريرة ﷺ أن رسول الله ﷺ قال: ( كل المسلم على المسلم حرام دمه وعرضه وماله) البخاري و مسلم

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്ലിമിൻെറ മുഴുവനും മറ്റൊരു മുസ്ലിമിന്ന് നിഷിദ്ധമാകുന്നു. അവൻെറ രക്തവും, അഭിമാനവും ധനവും.***

وعن أبي هريرة ﷺ عن النبي ﷺ أنه قال: ( من كان يؤمن بالله واليوم الآخر فليقل خيرا أو ليصمت) الترمذي

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാ ഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലവാക്കു പറയ ട്ടെ, ഇല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.***

وعن ابي الدرداء ﷺ عن النبي ﷺ قال:( من ردّ عن عرض أخيه ردّ الله عن وجهه النار يوم القيامة)

***അബുദ്ദർദാഅ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തൻെറ സഹോദരൻെറ അഭിമാനത്തെ ആരെങ്കിലും സംരക്ഷിച്ചാൽ, അന്ത്യ നാളിൽ അവനെ അല്ലാഹു നരകത്തിൽനിന്നു രക്ഷിക്കും.***

*സംഗ്രഹം:*

*1-പരദൂഷണം നിഷിദ്ധമാണ്. അത് മഹാപാപമാണ്. പരദൂഷകൻെറ ശിക്ഷ ഭയങ്കരമാകുന്നു.*

*2-ഒരാൾക്ക് വെറുപ്പുള്ളകാര്യം അയാളെകുറിച്ച് പറയൽ (അത് അയാളിൽ ഉള്ളതാണെങ്കിലും) നിഷിദ്ധമായ പരദൂഷണത്തിൽ പെട്ട താകുന്നു.*

*3-പരദൂഷകനെ അതിൽനിന്നു തടയേണ്ടതാണ്. പരദൂഷണം കേൾ ക്കലും നിഷിദ്ധമാകുന്നു. മുസ്‌ലിമിൻെറ അഭിമാനം സംരക്ഷിക്ക പ്പെടേണ്ടതാകുന്നു. അതുകൊണ്ട് അന്ത്യനാളിൽ നരകാഗ്നിയിൽ നിന്നു രക്ഷലഭിക്കും.*

*4-മനുഷ്യന് വെറുപ്പുള്ള കാര്യങ്ങൾ വാക്കിലൂടെയോ, ആംഗ്യത്തിലൂ ടെയോ പ്രകടിപ്പിക്കുന്നതും പരദൂഷണമാകുന്നു.*

## *18-* സത്യവും അസത്യവും

*അല്ലാഹു പറയുന്നു:*

﴿إِنَّمَا يَفْتَرِي الْكَذِبَ الَّذِينَ لاَ يُؤْمِنُونَ بِآيَاتِ اللَّهِ وَأُولَئِكَ هُمُ الْكَاذِبُونَ﴾

(النحل:١٠٥)

*അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവർ ത ന്നെയാണ് കള്ളം കെട്ടിച്ചമക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ. (അന്നഹ്ൽ-105)*

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ ﴾ (التوبة:١١٩)

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക യും, സത്യസന്ധന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെ യ്യുക. (തൗബ-119)*

﴿ فَلَوْ صَدَقُوا اللَّهَ لَكَانَ خَيْرًا لَهُمْ ﴾ (محمد:٢١)

***അവർ അല്ലാഹുവോട് സത്യസന്ധത കാണിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ ഉത്തമം. (മുഹമ്മദ്-21)***

وعن الحسن بن علي ﷺما عن النبيﷺ قال:(دع ما يريبك إلى ما لا يريبك، فإن الصدق طمأنينة، والكذب ريبة) الترمذي والنسائي

***ഹെസനുബ്നുഅലി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു:***
***നിനക്കു സംശയമുള്ളതിനെ ഒഴിവാക്കി സംശയമില്ലാത്തതിനെ സ്വീ കരിക്കുക. കാരണം സത്യം മനഃസമാധാനമാണ്. കള്ളം സംശയ വുമാണ്.***

وعن عبد الله بن مسعودﷺ قال: قال رسول الله ﷺ :( إن الصدق يهدي إلى البر وإن البر يهدي إلى الجنة، وإن الرجل ليصدق ويتحرّى الصدق حتى يكتب عند الله صدّيقا، وإن الكذب يهدي إلى الفجور وإن الفجور يهدي إلى النار، وإن الرجل ليكذب ويتحرى الكذب حتى يكتب عند الله كذابا) متفق عليه

***അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറ ഞ്ഞു: സത്യം നന്മയിലേക്കു***

*വഴികാണിക്കുന്നു. നന്മ സ്വർഗ്ഗത്തിലേ ക്കും നയിക്കുന്നു. ഒരാൾ സത്യം പറയുകയും, സത്യം പറ യുന്നതി ൽ ശ്രദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ അല്ലാഹുവിൻെറ യടുക്കൽ സത്യസന്ധന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടുന്നു. കളവ് അധർമ്മത്തിലേക്കും, അധർമ്മം നരകത്തിലേക്കും നയിക്കുന്നു. ഒ രാൾ കളവു പറയുകയും, കള്ളം പറയുന്നതിൽ മുഴുകുകയും ചെ യ്യുന്നു. അവൻ അല്ലാഹുവിൻെറയടുക്കൽ വലിയ കള്ളന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടും.*

وعن عبد الله بن عمر ﵄ أن النبي ﷺ قال: ( أربع من كنّ فيه كان منافقا خالصا، ومن كانت فيه خصلة منهن كانت فيه خصلة من نفاق حتى يدعها: إذا اؤتمن خان وإذا حدث كذب وإذا عاهد غدر وإذا خاصم فجر) متفق عليه

*അബ്ദുല്ലാഹിബ്നു ഉമർ ﵄ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: നാലു കാര്യങ്ങൾ ആരിലുണ്ടോ, അവൻ തികഞ്ഞ കപടവിശ്വാസിയാ യിരിക്കും. ഏതെങ്കിലും ഒന്ന് ഉണ്ടായാലും (അതും ഉപേ ക്ഷിക്കുന്ന തു വരെ) അവനിൽ കാപട്യത്തിൻെറ ലക്ഷണം നിലനിൽക്കും. വിശ്വ സിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ്പറയുക, കരാർ ചെയ് താൽ ലംഘിക്കുക, തെറ്റിയാൽ തെറി പറയുക.*

*സംഗ്രഹം:*

*1-കളവ് ഉപേക്ഷിക്കേണ്ടതാണ്. അത് കപടന്മാരുടെ സ്വഭാവമാണ്. ജനങ്ങൾക്കിടയിൽ കളവു പ്രചരിപ്പിക്കൽ ഭയങ്കര ശിക്ഷാർഹമായ കാര്യമാകുന്നു.*

*2-കള്ളം പറയൽ തെറ്റിലേക്കും, കുറ്റങ്ങളിലേക്കും നയിക്കുകയും നരക പ്രവേശനത്തിന് കാരണമായിത്തീരുകയും ചെയ്യും.*
*3-എല്ലാകാര്യങ്ങളിലും സത്യസന്ധത പുലർത്തുക.*
*4-കളവ് കാപട്യത്തിൻെറ ലക്ഷണമാണ്.*

## *19*-പശ്ചാത്താപം

*അല്ലാഹു പറയുന്നു:*

﴿ وَتُوبُوٓا إِلَى اللَّهِ أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴾ (النور:٣١)

*സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (അന്നൂർ-31)*

﴿ يَا أَيُّهَا الَّذِينَ آمَنُوا تُوبُوٓا إِلَى اللَّهِ تَوْبَةً نَصُوحًا ﴾ (التحريم:٨)

*സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈകൊണ്ട് മടങ്ങുക. (തഹ്‌ രീം-8)*

وعن الأغر بن اليسار المزني ﵁ قال: قال رسول الله ﷺ :

(يَا أَيُّهَا النَّاسُ تُوبُوا إِلَى اللَّهِ فإني أتوب في اليوم مائة مرة) مسلم

*അൽ-അഗർ-റുബ്നു യസാരിൽ മുസ്നി ﵁ യിൽനിന്നു നിവേദനം, റ സൂൽ ﷺ പറഞ്ഞു: ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്ത പിച്ചു മടങ്ങുവിൻ. അവനോട് പാപമോചനം തേടുവിൻ. ഞാൻ ഒ രുദിവസം നൂറുപ്രാവശ്യം പശ്ചാത്തപിക്കാറുണ്ട്.*

وعن أنس ﷺ قال: قال رسول الله ﷺ : (الله أفرح بتوبة عبده من أحدكم سقط على بعيره وقد أضله في أرض فلاة) متفق عليه

***അനസ് ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: തൻെറ ദാസ ൻെറ പശ്ചാതാപത്തിൽ അല്ലാഹു വളരെ സന്തോഷിക്കുന്നവനാ ണ്. വിജനമായ ഭൂമിയിൽ ഒട്ടകം നഷ്ടപ്പെട്ടു, വഴിതെറ്റിയവൻ (അ തു തിരിച്ചു കിട്ടുമ്പോൾ) സന്തോഷിക്കുന്നതിൽ ഉപരിയായി.***

وعن أنس ﷺ قال: قال رسول الله ﷺ :

(كل ابن آدم خطاء وخير الخطائين التوابون) الترمذي

***അനസുബ്നു മാലിക് ﷺ ൽനിന്നുനിവേദനം, റസൂൽ ﷺ പറഞ്ഞു: ആദ മിൻെറ സന്തതികൾ (മനുഷ്യർ) എല്ലാം തെറ്റുകാരാകുന്നു. തെറ്റുകാ രിൽ ഉത്തമർ പശ്ചാത്താപികളാണ്.***

وعن عبد الله بن عمر بن الخطاب ﷺ عن النبي ﷺ قال:

(إن الله عزوجل يقبل توبة العبد ما لم يغرغر) الترمذي وابن ماجه

***അബ്ദുല്ലാഹിബ്നു ഉമർ ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറ ഞ്ഞു: ഒരു മനുഷ്യൻെറ ജീവൻ തൊണ്ടക്കുഴിയിൽ എത്തുന്നതുവ രെ, അല്ലാഹു അവൻെറ പശ്ചാത്താപം സ്വീകരിക്കും.***

وعن أبي موسى الأشعري ﷺ عن النبي ﷺ قال: (إن الله تعالى يبسط يده بالليل ليتوب مسيء النهار، ويبسط يده في النهار ليتوب مسيء الليل حتى تطلع الشمس من مغربها) مسلم

അബൂമൂസൽ അശ്അരി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറ ഞ്ഞു: പകലിൽ തെറ്റു ചെയ്യുന്നവരുടെ പശ്ചാത്താപം രാത്രിയിൽ സ്വീകരിക്കാനും, രാത്രി തെറ്റു ചെയ്യുന്നവരുടെ പശ്ചാത്താപം പക ലിൽ സ്വീകരിക്കാനും വേണ്ടി അല്ലാഹു അവൻെറ കൈകൾ നീട്ടു ന്നതാണ്. സൂര്യൻ അതിൻെറ അസ്തമയ സ്ഥാനത്തു നിന്ന് ഉ ദിക്കുന്നത് (അന്ത്യനാൾ) വരെ.

സംഗ്രഹം:

1-എല്ലാ സമയത്തും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങൽ നിർബന്ധമാണ്. എത്രവലിയ പാപമാണെങ്കിലും പശ്ചാത്താപം സ്വീകരിക്കപ്പെടും. പശ്ചാത്താപം മനുഷ്യൻെറ വിജയത്തിൻെറ കൂടി കാരണമാകുന്നു.

2-അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങൽ അല്ലാഹുവിൻെറ അനുഗ്രഹം വിശാലമാകാനും, അവൻെറ സംതൃപ്തിക്കും കാര ണമാകും.

3-തെറ്റുകൾ മനുഷ്യ സഹജമാണ്. അതിൽ നിന്നെല്ലാം പശ്ചാത്താ പവും മോചനവും അവൻ തേടണം.

## പശ്ചാത്താപത്തിൻെറ നിയമങ്ങളും നിബന്ധനകളും:

1-ജീവൻ തൊണ്ടക്കുഴിയിലെത്തി, മരണം ആസന്നമാകുന്നതിന്നു മു മ്പ് പശ്ചാത്തപിക്കണം.

2-അന്ത്യനാളിൻെറ (സൂര്യൻ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കു ന്നതിൻെറ) മുമ്പ് ആയിരിക്കണം. ആദിനത്തിൽ പശ്ചാത്താപം ഉപ കരിക്കുകയില്ല.

3-ഒരാൾ ഒരു തെറ്റിൽനിന്നു സത്യസന്ധമായി പശ്ചാത്തപിച്ചു മട ങ്ങിയശേഷം വീണ്ടും തെറ്റ്

*ആവർത്തിച്ചാൽ, അവൻെറ ഒന്നാമ ത്തെ പശ്ചാത്താപം സ്വീകരിക്കപ്പെടും. അവൻ വീണ്ടും പശ്ചാത്ത പിക്കേണ്ടിയിരിക്കുന്നു.*

*4-ചെയ്തുപോയ തെറ്റിൽ ഖേദം തോന്നുകയും, അത് ഉപേക്ഷി ക്കുകയും, ആവർത്തിക്കില്ലെന്ന് തീരുമാനിക്കുകയും വേണം.*

## *20-* സലാം പറയൽ

*അല്ലാഹുപറയുന്നു:*

﴿ يَآ أَيُّهَا الَّذِينَ آمَنُوا لاَ تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ حَتَّى تَسْتَأْنِسُوا وَتُسَلِّمُوا عَلَى أَهْلِهَا ﴾ (النور:٢٧)

*ഹേ, സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നി ങ്ങൾ കടക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടു കാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. (24:27)*

وعن أبي هريرةﷺ قال: قال رسول اللهﷺ :(لا تدخلون الجنة حتى تؤمنوا، ولا تؤمنون حتى تحابّوا، أولا أدلكم على شيء إذا فعلتموه تحاببتم؟ أفشوا السلام بينكم) مسلم

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങ ൾ പരസ്പരം സ്നേഹിക്കാതെ സത്യവിശ്വാസികളുമാകില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാനുള്ള കാര്യം ഞാൻ പറഞ്ഞു തരട്ടെയോ? നിങ്ങൾക്കിടയിൽ സലാം പ്രചരിപ്പിക്കുക.*

وعن عبد الله بن سلامﷺ قال: سمعت رسول الله ﷺ يقول: (ياأيها الناس:أفشوا السلام وأطعموا الطعام وصلوا الأرحام وصلّوا بالليل والناس نيام تدخلوا الجنة بسلام) الترمذي وابن ماجه

***അബ്ദുല്ലാഹിബ്നുസലാം ﷺ പറയുന്നു, റസൂൽ ﷺ പറയുന്നതാ യി ഞാൻ കേട്ടിരിക്കുന്നു: ജനങ്ങളേ, നിങ്ങൾ സലാം പ്രചരിപ്പിക്കു ക, അന്നം ഊട്ടുക, കുടുംബ ബന്ധം ചേർക്കുക, രാത്രിയിൽ ജന ങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾ എഴുന്നേറ്റ് നമസ്കരിക്കുക. എന്നാ ൽ നിങ്ങൾക്ക് സമാധാനപൂർവ്വം സ്വർഗ്ഗത്തിൽ പ്രവേശിക്കാം.***

عن أبي هريرةﷺ أن رسول الله ﷺ قال:(إذا انتهى أحدكم إلى مجلس فليسلم، فإن بدا له أن يجلس فليجلس، ثم إذا قام فليسلم، فليست ألأولى بأحق من الآحرة) أبوداود والترمذي

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങൾ ഒരു സദസ്സിലേക്ക് ചെന്നാൽ സലാം പറയുക ഇരിക്കണമെന്ന് തോ ന്നിയാൽ ഇരിക്കുക. എഴുന്നേറ്റു പോകുമ്പോൾ സലാം പറയുക. ഒ ന്നാമത്തെ സലാം രണ്ടാമത്തെതിനെക്കാൾ പ്രാധാന്യമുള്ളതല്ല.***

*സംഗ്രഹം:*

*1-സലാം പറയൽ ശ്രേഷ്ഠമായ കാര്യമാകുന്നു. സ്വർഗ്ഗത്തിൽ പ്രവേ ശിക്കാൻ കാരണമാകും. പരസ്പരസ്നേഹം വളർത്തും.*

*2-പരിചയമുള്ളവരോട് മാത്രമല്ല സലാം പറയേണ്ടത്. പരിചയമുള്ള മുസ്ലിമിനോടും, ഇല്ലാത്ത മുസ്ലിമിനോടും സലാം പറയൽ നല്ല താകുന്നു.*

*3-സലാം പറയാൻ നബി ﷺ പഠിപ്പിച്ചിട്ടുള്ള രൂപം "അസ്സലാമു അല യ്കും" എന്നാകുന്നു. വറഹ്മതുല്ലാഹി വബറകാതുഹു എന്നു കൂടി ചേർക്കുന്നത് നല്ലതാണ്. അതെ പോലെയോ (വഅലയ് കുമുസ്സലാം എന്നോ) അല്ലെങ്കിൽ അതിനെക്കാൾ അധികരിപ്പിച്ചോ സലാം മടക്കൽ നിർബന്ധമാണ്.*

*4-അവിശ്വാസികളോട് സലാം പറയൽ നിഷിദ്ധമാണ്. അവർ ഇ ങ്ങോട്ട് പറഞ്ഞാൽ "വഅലയ്കും" എന്ന് മടക്കേണ്ടതാകുന്നു.*

*5-ഒരുസദസ്സിൽ മുസ്ലിംകളും അമുസ്ലിംകളും ഉണ്ടെങ്കിൽ, അ വരോട് (മൊത്തത്തിൽ) സലാം പറയാവുന്നതാണ്.*

*6-രണ്ടു മുസ്ലിംകൾ പരസ്പരം പിരിയുമ്പോൾ സലാം പറയണം. (അൽപസമയത്തിനു ശേഷം) വീണ്ടും കണ്ടുമുട്ടിയാൽ വീണ്ടും സലാം പറയണം.*

*7-വീട്ടുകാരുടെ സമ്മതംകൂടാതെ ഒരുവീട്ടിലും പ്രവേശിക്കരുത്.*

## *21*- ഭക്ഷണ മര്യാദകൾ

عن عائشة قالت: قال رسول الله ﷺ :

(إذا أكل أحدكم طعاما فليقل بسم الله، فإن نسي في الأول فليقل في الآخر (حين يذكر) :بسم الله في أوله وآخره) الترمذي

***ആയിശഃ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളാരെ ങ്കിലും ഭക്ഷണം കഴിക്കുകയാണെങ്കിൽ "ബിസ്മില്ലാഹി" (അല്ലാഹു വിൻെറ നാമത്തിൽ) എന്ന്ചൊല്ലുക. തുടക്കത്തിൽ പറയാൻ മറന്നാ ൽ (ഓർമ്മവന്നാൽ) "ബിസ്മില്ലാഹി ഫീഅവ്വലിഹീ വആഖിരിഹി" എ ന്നു പറയണം.***

وعن عمر بن أبي سلمة ﵁ قال: قال لي رسول الله ﷺ :

(سمّ الله، وكل بيمينك، وكل مما يليك) متفق عليه

***ഉമറുബ്നു അബീസലമ (റ) യിൽനിന്നു നിവേദനം, റസൂൽ ﷺ എ ന്നോട് പറഞ്ഞു: (ഭക്ഷണം കഴിക്കുമ്പോൾ) നീ ബിസ്മി ചൊല്ലുക, വ ലതുകൈകൊണ്ട് തിന്നുക, നിൻെറ അടുത്ത ഭാഗത്തുനിന്ന് തിന്നുക.***

وعن عبد الله بن عمر رضي الله عنهما أن رسول الله ﷺ قال:

(لاَ يأكلن أحد منكم بشماله ولا يشربن بها فإن الشيطان يأكل بشماله ويشرب بها) مسلم

***അബ്ദുല്ലാഹിബ്നു ഉമർ ﵁ ൽനിന്നു നിവേദനം, റസൂൽﷺ പറഞ്ഞു: നിങ്ങൾ ഒരാളും ഇടതുകൈ കൊണ്ട്***

*തിന്നുകയോ, കുടിക്കുകയോ ചെയ്യരുത്. കാരണം പിശാച് ഇടത്കൈ കൊണ്ടാണ് തിന്നുന്നതും കുടിക്കുന്നതും.*

وعن أبي هريرةﷺ قال: (ما عاب رسول الله ﷺ طعاما قط، إن اشتهاه أكله وإن كره تركه) متفق عليه

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ ഒരു ഭക്ഷണത്തി നും കുറ്റം പറഞ്ഞിരുന്നില്ല. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കും, വെറുപ്പാ ണെങ്കിൽ അതുപേക്ഷിക്കും.*

*സംഗ്രഹം:*

*1-ഭക്ഷണംകഴിക്കുമ്പോൾ "ബിസ്മി" ചൊല്ലണം. മറന്നു പോയാൽ ഭ ക്ഷണം കഴിക്കുന്നതിനിടയിൽ (ഓർമ്മ വരുമ്പോൾ) 'ബിസ്മില്ലാ ഹി ഫീ അവ്വലിഹീ വ ആഖിറിഹീ' എന്നു പറയണം. ഭക്ഷണം ക ഴിച്ച ശേഷം*

الحمد لله الذي أطعمنيه ورزقنيه من غير حول مني ولا قوة

*എന്റെ യാതൊരു ശക്തിയും കഴിവും കൂടാതെ തന്നെ എനിക്കു അന്നം നൽകി എന്നെ ഭക്ഷിപ്പിച്ച അല്ലാഹുവിനു സ്തുതി എന്ന് ചൊല്ലണം.*

*2-ഇടതു കൈകൊണ്ട് ഭക്ഷിക്കരുത്. അത് പിശാചിനെ അനുകരി ക്കലാണ്.*

*3-ഭക്ഷണത്തിന്ന് കുറ്റംപറയരുത്. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കുക, ഇ ല്ലെങ്കിൽ ഒഴിവാക്കുക. പോരായ്മ പറയൽ അനുവദനീയമാണ്.*

## *22-* മലമൂത്ര വിസർജ്ജനം; മര്യാദകൾ

عن أنسﷺ قال: كان النبيﷺ إذا دخل الخلاء قال: اللّٰهُمَّ إني أعوذ بك من الخبث والخبائث) متفق عليه

***അനസ് ﷺ പറഞ്ഞു, നബി ﷺ മലമൂത്ര വിസർജന സ്ഥലത്ത് പ്രവേ ശിക്കുമ്പോൾ "അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബ്ഥി വൽഖബാഇഥി" (അല്ലാഹുവേ, ആൺ-പെൺ പിശാചുക്കളിൽ നി ന്നും ഞാൻ നിന്നോട് രക്ഷതേടുന്നു) എന്ന് പറയാറുണ്ടായിരുന്നു.***

وعن عائشة رضي الله عنها أن رسول الله ﷺ كان إذا خرج من الغائط قال: غفرانك. أخرجه الخمسة

***ആയിശഃ (റ) പറയുന്നു: നബി ﷺ മലമൂത്ര വിസർജന സ്ഥലത്തു നിന്ന് പുറത്തു വരുമ്പോൾ "ഗുഫ്റാനക" (അല്ലാഹുവേ, എനിക്ക് പൊറുത്തരിക) എന്ന് പറയാറുണ്ടായിരുന്നു***

وعن جابر بن عبد اللهﷺ أن رسول الله ﷺ نهى أن يبال في الماء الراكد. مسلم

***ജാബിറുബ്നു അബ്ദില്ല ﷺ പറയുന്നു: കെട്ടിനിൽക്കുന്ന വെള്ള ത്തിൽ മൂത്രമൊഴിക്കുന്നത് നബി ﷺ വിരോധിച്ചിരിക്കുന്നു.***

*സംഗ്രഹം:*

*1-മലമൂത്ര വിസർജന സ്ഥലത്തു പ്രവേശിക്കാൻ ഉദ്ദേശിക്കുന്ന മു സ്ലിം, അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽഖുബ്ഥി വൽഖ ബാഇഥി എന്നും പുറത്തു വരുമ്പോൾ, ഗുഫ്റാനക എന്നും പറ യൽ സുന്നത്താകുന്നു.*

*2-മലമൂത്ര വിസർജന സമയത്ത് ജനങ്ങളിൽ നിന്നും അകന്നിരിക്ക ണം. നഗ്നത ജനങ്ങളിൽ നിന്ന് മറക്കണം. കെട്ടിടങ്ങൾക്കുള്ളിൽ അല്ലാത്തപ്പോൾ ഖിബ്ലക്കു മുന്നിട്ടോ, പിന്നിട്ടോ ഇരിക്കരുത്.*

*3-മലവും മൂത്രവും വസ്ത്രത്തിലോ, ശരീരത്തിലോ ആകാതെ ശ്രദ്ധി ക്കണം. നിർബന്ധമായും ശുചീകരിക്കണം.*

*4-മലമൂത്ര വിസർജനം പോലെയുള്ള ചെറിയകാര്യം മുതൽ എല്ലാ കാര്യങ്ങളെയും ഇസ്ലാം ഉൾക്കൊള്ളുന്നു എന്നത് ഇസ്ലാമി ൻെറ സമഗ്രതയെ സൂചിപ്പിക്കുന്നു.*

## ***23-*** തുമ്മൽ, കോട്ടുവാ

عن أبي هريرةﷺ عن النبيﷺ قال: (إن الله يحب العطاس ويكره التثاؤب، فإذا عطس أحدكم وحمدالله كان حقا على كل مسلم سمعه أن يقول له يرحمك الله، فأما التثاؤب فإنما هو من الشيطان، فإذا تثاءب أحدكم فليرده ما استطاع فإن أحدكم إذا تثاءب ضحك منه الشيطان) البخاري

*അബൂഹുറയ്റ ﷺയിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തുമ്മൽ അല്ലാഹു ഇഷ്ടപ്പെടുന്നു. കോട്ടുവായിടുന്നത് വെറുക്കുകയും ചെ യ്യുന്നു. നിങ്ങളിൽ ഒരാൾ തുമ്മിയ ശേഷം അല്ലാഹുവിനെ സ്തുതി ച്ചാൽ, അതുകേട്ട എല്ലാ മുസ്‌ലിംകളും "യർഹമുകല്ലാഹ്" എന്നു പ റയൽ കടമയാണ്. എന്നാൽ കോട്ടുവാ പിശാചിൽ നിന്നാകുന്നു. ആ രെങ്കിലും കോട്ടുവായിടുന്നതായാൽ കഴിവിന്റെ പരമാവധി അതു പിടിച്ചുനിർത്തുക. നിങ്ങൾ കോട്ടുവായിട്ടാൽ പിശാച് ചിരിക്കും. (ബു ഖാരി)*

وعنه ﷺ قال، قال رسول الله ﷺ :(إذا عطس أحدكم فليقل الحمد لله وليقل له أخوه-أو صاحبه يرحمك الله، فإذا قال: يرحمك الله فليقل: يهديكم الله ويصلح بالكم) البخاري

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നി ങ്ങളാരെങ്കിലും തുമ്മിയാൽ "അൽഹംദുലില്ലാഹ്" (അല്ലാഹുവിന്ന് സ്തുതി) എന്നു പറയുക. അപ്പോൾ കൂടെയുള്ളവർ "യർഹമുക ല്ലാഹ്" (അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ) എന്ന് പറയണം. തു മ്മിയവൻ "യഹ്ദീകുമുല്ലാഹ് വയുസ്‌ലിഹ്ബാലകും" (അല്ലാഹു നി ങ്ങളെ സന്മാർഗ്ഗത്തിലാക്കട്ടെ, നിങ്ങളുടെ അവസ്ഥ നന്നാക്കട്ടെ) എന്ന് പറയണം. (ബുഖാരി)*

وعن أبي موسى ﷺ قال، سمعت رسول الله ﷺ :(إذا عطس أحدكم فحمد الله فشمّتوه، وإن لم يحمد الله فلا تشمّتوه) مسلم

*അബൂമൂസൽ അൽഅരി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറയു ന്നതായി ഞാൻ കേട്ടിരിക്കുന്നു: നിങ്ങളിൽ ആരെങ്കിലും തുമ്മിയ ശേഷം അല്ലാഹുവിനെ സ്തുതിച്ചാൽ അവനെ നിങ്ങൾ (യർഹമു കല്ലാഹു പറഞ്ഞ്) സന്തോഷിപ്പിക്കുക. സ്തുതിച്ചില്ലെങ്കിൽ സന്തോഷി പ്പിക്കേണ്ടതില്ല. (മുസ്ലിം)*

وعن أبي هريرةﷺ (أن النبيﷺ كان إذا عطس غطى وجهه بيده أو بثوبه وغض بها صوته) أحمدوالترمذي وأبوداود

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ തുമ്മുമ്പോൾ തൻെറമുഖം, കൈകൊണ്ടോ വസ്ത്രം കൊണ്ടോ അടക്കിപ്പിടിച്ച് ശബ്ദം താഴ്ത്തുമായിരുന്നു. (അഹ്മദ്,തിർമിദി, അബൂദാവൂദ്)*

*<u>സംഗ്രഹം:</u>*

*1-തുമ്മിയിട്ട് അൽഹംദുലില്ലാഹ് എന്നു പറയുന്നത് കേട്ടവരെല്ലാം യർഹമുകല്ലാഹ് എന്നു പ റയണം.*
*2-അല്ലാഹുവിനെ സ്തുതിച്ചില്ലെങ്കിൽ അങ്ങനെ പറയേണ്ടതില്ല.*
*3-കോട്ടുവാ പിടിച്ചു നിർത്തലും മറച്ചുപിടിക്കലും സുന്നത്താകുന്നു.*
*4-കോട്ടുവായിടുമ്പോൾ കൈകൊണ്ട് വാപൊത്തണം.*
*5-തുമ്മുമ്പോൾ കൈ, വസ്ത്രം, ടവൽ എന്നിവ കൊണ്ട് മുഖം പൊ ത്തിപ്പിടിക്കണം.*
*6-കോട്ടുവായിടുമ്പോൾ, തുമ്മുമ്പോൾ ശബ്ദം ഉയർത്തരുത്.*

## 24- നായ വളർത്തൽ

عن أبي هريرةﷺ قال: قال رسول الله ﷺ : ( من اتخذ كلبا إلا كلب ماشية أو صيد أو زرع انتقص من أجره كل يوم قيراط) متفق عليه

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺപറഞ്ഞു: കാലി കളെ മേയ്ക്കാനോ, വേട്ടയാടാനോ, കൃഷി സംരക്ഷണത്തിനോ അല്ലാതെ ഒരാൾ നായ വളർത്തിയാൽ, ഓരോ ദിവസവും അയാ ളുടെ പ്രതിഫലത്തിൽ നിന്നും ഒരുഖീറാത് (ഒരുമലയുടെ അത്ര) കുറഞ്ഞു കൊണ്ടിരിക്കും.*

وعنهﷺ أن رسول الله ﷺ قال: (إذا ولغ الكلب في إناء أحدكم فاغسلوه سبعا وعفروه الثامنة بالتراب) مسلم

*അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങ ളുടെ പാത്രത്തിൽ നായ തലയിട്ടാൽ ഏഴുപ്രാവശ്യം കഴുകണം. എട്ടാമത്തെ പ്രാവശ്യം മണ്ണുചേർത്തു കൊണ്ട് കഴുകണം.*

*സംഗ്രഹം:*

*1-കൃഷി, കന്നുകാലി സംരക്ഷണം, വേട്ട എന്നീ ആവശ്യങ്ങൾക്ക ല്ലാതെ നായവളർത്തൽ അനു വദനീയമല്ല.*

*2-കഴിയുന്നതും നായയുടെ സാന്നിദ്ധ്യം ഒഴിവാക്കണം.*

*3-നായ തലയിട്ട പാത്രം ഏഴുപ്രാവശ്യം കഴുകണം. ഒന്ന് മണ്ണ് ഉപ യോഗിച്ച് ആകണം.*

## 25- ദൈവ സ്മരണ

*അല്ലാഹു പറയുന്നു:*

﴿ وَاذْكُرُوا اللَّهَ كَثِيرًا لَعَلَّكُمْ تُفْلِحُونَ ﴾ (الجمعة:١٠)

***നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേ ക്കാം. (ജുമുഅ:-10)***

﴿ يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا كَثِيرًا وَسَبِّحُوهُ بُكْرَةً وَ أَصِيلاً ﴾ (الأحزاب:٤١)

***സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അ നുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്ര കീർത്തിക്കുകയും ചെയ്യുവീൻ. (അഹ്സാബ്-41)***

وعن أبي موسى الأشعريﷺ عن النبيﷺ أنه قال:(مثل الذي يذكر ربه والذي لا يذكر ربه، مثل الحي والميت) متفق عليه

***അബൂമൂസൽഅശ്അരി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറ ഞ്ഞു: തന്റെ നാഥനെ സ്മരിക്കുന്നവൻ ജീവനുള്ളവനെപ്പോലെ യും സ്മരിക്കാത്തവൻ മരിച്ചവനെ പോലെയുമാകുന്നു.***

وعن أبي هريرةﷺ قال: قال رسول اللهﷺ :(كلمتان خفيفتان على اللسان، ثقيلتان بالميزان، حبيبتان إلى الرحمن: سبحان الله وبحمده سبحان الله العظيم) متفق عليه

***അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നാ വിന്ന് ലഘുവായതും, ത്രാസിൽ ഭാരം കൂടുതലുള്ളവയും, അല്ലാഹു വിന്ന് വളരെ ഇഷ്ടപ്പെട്ടതുമായ രണ്ടുവാക്കുകളുണ്ട് സുബ്ഹാന ല്ലാഹി വബിഹംദിഹി (അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പ്രകീർ ത്തിക്കുന്നു), സുബ്ഹാനല്ലാഹിൽ അദ്വീം (മഹാനായ അല്ലാഹു പരി ശുദ്ധൻ) എന്നിവ.***

وعنه﵁ قال: قال رسول الله ﷺ: (لأن أقول سبحان الله، والحمد لله،

ولا إله إلا الله والله أكبر، أحب علي مما طلعت عليه الشمس) مسلم

***അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: സു ബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ), അൽഹംദുലില്ലാഹ് (സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു), ലാഇലാഹ ഇല്ലല്ലാഹ് (ആരാധ നക്കർഹൻ അല്ലാഹുവല്ലാതെ യാതൊന്നുമില്ല), അല്ലാഹു അക്ബർ (അല്ലാഹു ഏറ്റവും വലിയവൻ), എന്നീ വാക്കുകൾ പറയലാണ് സൂ ര്യൻ ഉദിക്കുന്ന (ഭൂമിയിലുള്ള മുഴുവൻ) വസ്തുക്കളെക്കാളും എനി ക്ക് ഏറ്റവും ഇഷ്ടം.***

وعن جابر﵁ قال: سمعت رسول الله ﷺ يقول:

( أفضل الذكر: لآ إله إلا الله) الترمذي

***ജാബിർ ﵁ ൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ഏറ്റവും നല്ല ദിക്ർ (വാക്ക്) ലാഇലാഹ ഇല്ലല്ലാ ഹ് എന്നതാകുന്നു.***

## തെരഞ്ഞെടുത്ത ദിക്റുകൾ

*ഉറങ്ങാൻ കിടക്കുമ്പോൾ*

بِسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا

*അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കു കയും ചെയ്യുന്നു.*

*ഉണരുമ്പോൾ:*

اَلْحَمْدُ لِلَّهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ.

*ഞങ്ങളെ മരിപ്പിച്ചതിനു ശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ്വ സ്തുതിയും, അവനിലേക്കു തന്നെയാകുന്നു ഞങ്ങളുടെ മടക്കം.*

*വാഹനത്തിൽ കയറുമ്പോൾ:*

بِسْمِ اللَّهِ، الْحَمْدُ لِلَّهِ، سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ.

*അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിനാണ് സർവ്വസ്തുതിയും, ഈ വാഹനത്തെ ഞങ്ങൾക്കു കീഴ്പെടുത്തി തന്നവൻ പരമപരിശു ദ്ധൻ, ഞങ്ങൾ അതിനെ കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നി ല്ല, ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്കു മടങ്ങുന്നവരാകുന്നു.*

*ഒരു സ്ഥലത്ത് ഇറങ്ങിയാൽ:*

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ.

*അല്ലാഹുവിന്റെ പൂർണമായ വചനങ്ങളാൽ, അവൻ സൃഷ്ടിച്ചിട്ടു ള്ളവയുടെ അനർത്ഥങ്ങളിൽ നിന്ന് ഞാൻ ശരണം തേടുന്നു.*

*വുദു എടുക്കുമ്പോൾ:*

بِسْمِ اللَّهِ.

*അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു.)*

*വുദുവിനു ശേഷം:*

أَشْهَدُ أَن لآإِلَّهَ إَلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَ رَسُولُهُ.

*ആരാധനക്കർഹനില്ല, അല്ലാഹു ഒഴികെ, അവൻ ഏകനും പങ്കുകാ രില്ലാത്തവനുമാകുന്നു എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹെമ്മ ദ് അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.*

*വീട്ടിൽ നിന്നിറങ്ങുമ്പോൾ:*

بِسْمِ اللَّهِ تَوَكَّلْتُ عَلَى اللَّهِ وَلاَحَوْلَ وَلاَقُوَّةَ إِلاَّ بّاللَّهِ.

*അല്ലാഹുവിൻെറ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപിക്കു ന്നു, ഒരുശക്തിയും കഴിവും അല്ലാഹുവിനെ കൊണ്ടല്ലാതെ ഇല്ല.*

*വീട്ടിൽ പ്രവേശിക്കുമ്പോൾ:*

بِسْمِ اللَّهِ وَلَجْنَا، وَبِسْمِ اللَّهِ خَرَجْنَا، وَعَلَى رَبِّنَا تَوَكَّلْنَا.

*അല്ലാഹുവിൻെറ നാമത്തിൽ നാം പ്രവേശിക്കുന്നു, അല്ലാഹുവിൻെറ നാമത്തിൽ തന്നെയാണ് നാം പുറത്തു പോയതും, നമ്മുടെ നാഥ നിൽ നാം ഭരമേൽപിച്ചിരിക്കുന്നു.*

*നബിയുടെ പേരിൽ സ്വലാത്:*

اَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ. اَللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ.

*അല്ലാഹുവേ, മുഹെമ്മദ് നബിക്കും കുടുംബത്തിനും നീ കരുണ ചെയ്യേണമേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ കരുണ ചെയ്തതു പോലെ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാ കുന്നു. അല്ലാഹുവേ, മുഹെമ്മദ് നബിക്കും കുടുംബത്തിനും നീ അ നുഗ്രഹം ചെയ്യേണമേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തതു പോലെ. നിശ്ചയം നീ സ്തുത്യർഹ നും ഉന്നതനുമാകുന്നു.*

*പ്രഭാതത്തിൽ:*

اَللَّهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ.

*അല്ലാഹുവേ, നിൻെറ സഹായത്താൽ ഞങ്ങൾ പ്രഭാതത്തിലായി, നി ൻെറ സഹായത്താൽ ഞങ്ങൾ അസ്തമയത്തിലേക്കടുക്കുന്നു. നീ മുഖേന ഞങ്ങൾ ജീവിക്കുന്നു, നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കം.*

*വൈകുന്നേരം:*

اللَّهُمَّ بِكَ أَمْسَيْنَا وَبِكَ أَصْبَحْنَا وَبِكَ نَحْيَا وَبِكَ نَمُوتُ، وَإِلَيْكَ الْمَصِيرُ.

*അല്ലാഹുവേ, നിൻെറ സഹായത്താൽ ഞങ്ങൾ അസ്തമയത്തിലാ യി, നിൻെറ സഹായത്താൽ ഞങ്ങൾ പ്രഭാതത്തിലേക്കടുക്കുന്നു. നീ മുഖേന ഞങ്ങൾ*

*ജീവിക്കുന്നു, നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കം.*

## *26-* സുഹൃത്ത്

*അല്ലാഹു പറയുന്നു:*

﴿ الأَخِلاَّءُ يَوْمَئِذٍ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلاَّ الْمُتَّقِينَ ﴾ (الزخرف:٦٧)

*സുഹൃത്തുക്കൾ ആദിവസം അന്യോന്യം ശത്രുക്കളായിരി ക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ. (സുഖ്റുഫ്-67)*

﴿ يَوْمَ يَعَضُّ الظَالِمُ عَلَى يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلاً يَا وَيْلَتَى لَيْتَنِي لَمْ أَتَّخِذْ فُلاَنًا خَلِيلاً لَقَدْ أَضَلَّنِي عَنِ الذِّكْرِ بَعْدَ إِذْ جَاءَنِي وَكَانَ الشَّيْطَانُ لِلإنْسَانِ خَذُولاً ﴾ (الفرقان:٢٧)

*അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. റസൂലിന്റെ കൂടെ ഞാനൊരു മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ! ഇന്ന ആളെ ഞാ ൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായി രുന്നേനെ. എനിക്കു ബോധനം വന്നുകിട്ടിയ ശേഷം അതിൽ നിന്നവൻ എന്നെ തെറ്റിച്ചു കളഞ്ഞുവല്ലോ. എന്നിങ്ങനെ അവ ൻ പറയും. പിശാച് മനുഷ്യനെ കൈവിട്ടു കളയുന്നവനാ കുന്നു. (അൽ-ഫുർഖാൻ-27-29)*

﴿ فَأَقْبَلَ بَعْضُهُمْ عَلَى بَعْضٍ يَتَسَاءَلُونَ، قَالَ قَائِلٌ مِنْهُمْ إِنِّي كَانَ لِي قَرِينٌ يَقُولُ أَءِنَّكَ لَمِنَ الْمُصَدِّقِينَ، أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَامًا أَءِنَّا لَمَدِينُونَ، قَالَ هَلْ اَنْتُمْ مُطَّلِعُونَ، فَاطَّلَعَ فَرَآهُ فِي سَوَاءِ الْجَحِيمِ، قَالَ تَاللَّهِ إِنْ كِدْتَ لَتُرْدِينِ وَلَوْ لاَ نِعْمَتُ اللَّهِ لَكُنْتُ مِنَ الْمُحْضَرِينَ ﴾ (الصافات:٥٠-٥٧)

*ആ സ്വർഗ്ഗവാസികളിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞു കൊണ്ട് പരസ്പരം (പല ചോദ്യ ങ്ങളും) ചോദിക്കും. അവരി ൽ നിന്ന് ഒരുവക്താവ് പറയും: തീർച്ചയായും എനിക്ക് ഒരു കൂട്ടുകാരനുണ്ടായിരുന്നു. അവൻ പറയുമായിരുന്നു; തീർച്ച യായും നീ പരലോകത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ തന്നെയാണോ? നാം മരിച്ചിട്ട് മണ്ണും അസ്ഥിശകലങ്ങളുമാ യി കഴിഞ്ഞാലും നമുക്ക് നമ്മുടെ കർമ്മഫലങ്ങൾ നൽകപ്പെ ടുന്നതാണോ? തുടർന്ന് ആ വക്താവ് (കൂടെയുള്ളവരോട്) പറയും: നിങ്ങൾ (ആ കൂട്ടുകാരനെ) എത്തിനോക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ? എന്നിട്ട് അദ്ദേഹം എത്തിനോക്കും. അപ്പോൾ അദ്ദേഹം അവനെ നരകത്തിൻെറ മദ്ധ്യത്തിൽ കാണും. അദ്ദേ ഹം (അവനോട്) പറയും: അല്ലാഹുവെ തന്നെയാണ, നീ എ ന്നെ നാശത്തിൽ അകപ്പെടുത്തുക തന്നെ ചെയ്തേക്കുമായി രുന്നു. എൻെറ രക്ഷിതാവിൻെറ അനുഗ്രഹം ഇല്ലായിരുന്നെ ങ്കിൽ, (നരകത്തിൽ) ഹാജറാക്കപ്പെടുന്നവരിൽ ഞാനും ഉൾപ്പെ ടുമായിരുന്നു. (സ്വാഫ്ഫാത്-50-57)*

وقال النبي ﷺ : (الرجل على دين خليله فلينظر أحدكم من يخالل)
أبوداود والترمذي

*നബി ﷺ പറഞ്ഞു: ഒരാൾ തന്റെ കൂട്ടുകാരന്റെ മത-ആദർശങ്ങളി ലായിരിക്കും. അതു കൊണ്ട് ചിന്തിച്ചുവേണം ഒരാളോട് കൂട്ടുകൂ ടാൻ.*

وقالﷺ: (سبعة يظلهم الله في ظله يوم لا ظل إلا ظله.... ورجلان تحابا في الله اجتمعا عليه وتفرقا عليه) متفق عليه

*നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെതല്ലാത്ത മറ്റൊരു തണലുമില്ലാത്ത (അന്ത്യ) ദിനത്തിൽ ഏഴു വിഭാ ഗക്കാർക്ക് അല്ലാഹു അവന്റെ തണലേകും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്നേഹിച്ചു, ഒരുമിച്ചു കൂടുകയും പിരിയുകയും ചെയ്ത രണ്ടുകൂട്ടുകാർ ഇവരിൽ ഉൾ പ്പെടും.*

***സംഗ്രഹം:***

*1-എല്ലാവർക്കും സുഹൃത്തുക്കൾ ഉണ്ടാകും. നന്മ കാണിച്ചുതരുന്ന, അതിന്ന് സഹായിക്കുന്ന നല്ല കൂട്ടുകാരെ കണ്ടെത്താൻ ശ്രമിക്കുക.*

*2-ദൈവനിഷേധത്തിലേക്കും അധർമ്മത്തിലേക്കുമാണ് കൂട്ടുകാരൻ ക്ഷണിക്കുന്നതെങ്കിൽ, അവൻ നിങ്ങളുടെ ബദ്ധശത്രുവാണ്.*

*3-സത്യനിഷേധികളെ കൂട്ടുകാരാക്കുന്നത് ശ്രദ്ധിക്കുക. അവൻ മുസ്‌ലിമിനെ നന്മയിൽ നിന്നും ദൈവാനുസരണത്തിൽ നിന്നും തടയും.*

## 27-ക്ഷമ

*അല്ലാഹു പറയുന്നു:*

﴿ يَا أَيُّهَا الَّذِينَ آمَنُوا اصْبِرُوا وَصَابِرُوا... ﴾ (آل عمران:٢٠٠)

***സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും, ക്ഷമയിൽ മികവ് കാണിക്കുകയും ചെയ്യുക (ആലു ഇംറാൻ-200)***

﴿وَلَنَبْلُوَنَّكُمْ بِشَيْءٍ مِنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِنَ الأَمْوَالِ وَالأَنْفُسِ وَالثَّمَرَاتِ وَبَشِّرِ الصَّابِرِينَ﴾(البقرة:١٥٥)

***കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. (അൽബഖറ-155)***

وعن صهيب بن سنانﷺ قال: قال رسول الله ﷺ :( عجبا لأمر المؤمن إن أمره كله له خير، إن أصابته سرّاء شكر فكان خيرا له، وإن أصابته ضراء صبر فكان خيرا له) مسلم

***സുഹയ്ബ്ബ്നു സിനാൻ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു:***

***സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവൻെറ എല്ലാ കാര്യങ്ങളും അവന്ന് നന്മയാണ്. സന്തോഷം ഭവിച്ചാൽ അവൻ ന ന്ദികാണിക്കും. അതവന്ന്***

*നന്മയായിത്തീരും. സന്താപം ഭവിച്ചാൽ ക്ഷ മിക്കും. അതും അവന്ന് ഗുണം തന്നെ. (മുസ്ലിം)*

وعن أنس رضي الله عنه قال سمعت رسول الله ﷺ يقول:(إن الله عزوجل يقول: إذا ابتليت عبدي بحبيبتيه فصبر عوّضته منها الجنة) البخاري

***അനസ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേ ട്ടിരിക്കുന്നു: നിശ്ചയമായും അല്ലാഹു പറഞ്ഞിരിക്കുന്നു: എന്റെ ദാ സനെ അവന്ന് ഏറ്റവും ഇഷ്ടപ്പെട്ട രണ്ടെണ്ണം (കണ്ണുകൾ) കൊണ്ട് ഞാൻ പരീക്ഷിക്കുമ്പോൾ, അവൻ ക്ഷമിച്ചാൽ അവക്ക് പകരമായി ഞാൻ അവന്ന് സ്വർഗ്ഗം നൽകും.***

وعن أبي هريرة رضي الله عنه قال: قال رسول الله ﷺ :( ما يصيب المسلم من نصب ولا وصب ولا هم ولا حزن ولا أذى ولا غم، حتى الشوكة يشاكها إلا كفّر الله بها من خطاياه) البخاري

***അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്ലിമിന്ന് ബാധിക്കുന്ന ക്ഷീണം, രോഗം, മനോവിഷമം, സങ്കടം, ബുദ്ധിമുട്ട്, കാലിൽ ഒരുമുള്ളു തറക്കുന്ന വേദന ഇവ കൊണ്ടെ ല്ലാം അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തു കൊടുത്തു കൊ ണ്ടിരിക്കും.***

وعنه رضي الله عنه أن رسول الله ﷺ قال:( ما يزال البلاء بالمؤمن والمؤمنة في نفسه وفي ولده وماله حتى يلقى الله وما عليه خطيئة) الترمذي

*അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: സത്യ വിശ്വാസിക്കും വിശ്വാസിനിക്കും തങ്ങളുടെ സ്വന്തം ശരീരത്തിലും, സ ്വത്തിലും സന്താനങ്ങളിലും പരീക്ഷണം നേരിട്ടു കൊണ്ടേയിരിക്കും. അങ്ങനെ യാതൊരു പാപവുമില്ലാത്തവിധം അല്ലാഹുവിനെ കണ്ടുമു ട്ടുന്നത് വരെ. (തുർമുദി)*

*സംഗ്രഹം:*

*1-സദാ ക്ഷമ കൈക്കൊള്ളാനുള്ള പ്രേരണ. പരീക്ഷണത്തിന്റെ പ്രതി ഫലം നഷ്ടപ്പെടുത്തുന്ന വിധം ക്ഷമകേട് കാണിക്കുന്നതിൽ മു ന്നറിയിപ്പ്.*

*2-മുസ്ലിമിനുണ്ടാകുന്ന പരീക്ഷണങ്ങൾ അവന്റെ പാപങ്ങൾ പൊറു ക്കപ്പെടാൻ ഹേതുകങ്ങളാകും.*

*3-അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിൽ ക്ഷമിക്കുക. ദൈവ ധിക്കാരപരമായ കാര്യങ്ങളിൽ നിന്നും ക്ഷമാപൂർവ്വം അകലുക. ഇത് ക്ഷമയുടെ ഏറ്റവും ശ്രേഷ്ഠമായ രൂപമത്രെ.*

*4-അല്ലാഹു നൽകിയതു കൊണ്ട് മുസ്ലിം തൃപ്തിയടയണം. ഖാര ണം, തന്റെ ദാസന്റെ നന്മയെ കുറിച്ച് കൂടുതൽ അറിവുള്ള നും, യുക്തിമാനും അവനാകുന്നു.*

## ഉള്ളടക്കം


| നമ്പര്‍ | വിഷയം | പുറം |
|---|---|---|
| 1 | നിഷ്കളങ്കത, നിരീക്ഷണം | 3 |
| 2 | തൗഹീദ്; മഹത്വം | 6 |
| 3 | ലോകമാന്യം | 9 |
| 4 | പ്രാര്‍ത്ഥന | 11 |
| 5 | വിജ്ഞാനം | 15 |
| 6 | നന്മ കല്‍പിക്കുക | 18 |
| 7 | നന്മ കല്‍പിക്കുക; മര്യാദകള്‍ | 20 |
| 8 | മാതാപിതാക്കള്‍ | 22 |
| 9 | സല്‍സ്വഭാവം | 25 |
| 10 | വിനയവും സൗമ്യവും | 27 |
| 11 | കാരുണ്യം | 29 |
| 12 | അക്രമം നിഷിദ്ധം | 30 |
| 13 | മുസ്‌ലിമിന്റെ ജീവന്‍ | 33 |
| 14 | മുസ്‌ലിമിന്റെ കടമ | 34 |
| 15 | അയല്‍വാസി | 36 |
| 16 | നാവിന്റെ വിപത്തുകള്‍ | 38 |
| 17 | പരദൂഷണം | 40 |
| 18 | സത്യവും അസത്യവും | 43 |
| 19 | പശ്ചാത്താപം | 46 |
| 20 | സലാം പറയല്‍ | 49 |
| 21 | ഭക്ഷണ മര്യാദകള്‍ | 52 |

| | | |
|---|---|---|
| 22 | മലമൂത്ര വിസർജ്ജനം | 54 |
| 23 | തുമ്മൽ, കോട്ടുവാ | 55 |
| 24 | നായ വളർത്തൽ | 58 |
| 25 | ദൈവസ്മരണ | 59 |
| 26 | സുഹൃത്ത് | 64 |
| 27 | ക്ഷമ | 67 |